KOTTAYAM PUBLIC LIBRARY

Call No MA. 5 Acc. No 13839

Author [illegible]

Title [illegible]

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**



13839

# ശുദ്ധിപത്രം.

| വശം | വരി | ദുഷ്ടം | ശുദ്ധം |
|---|---|---|---|
| | | (മുഖവുര) | |
| IV | 7 | നാനാനന്ദ | നാനന്ദ |
| V | 15 | സുക്ഷിച്ചു | സൂക്ഷിച്ചു |
| | | (അഭിപ്രായം) | |
| iii | 1 | ശൃംഗംരം | ശൃംഗാരം |
| | | (ഗ്രന്ഥം) | |
| 3 | 23 | യഥാത്ഥാമ്യയ; | യഥാത്ഥാമയഃ |
| 4 | 19 | വർണ്ണനീ | വർണ്ണിനീ |
| ,, | ,, | നിയിഹ | നീയിഹ |
| 8 | 12 | കപാടെ | കപാടേ |
| 9 | 21 | ഭവഗത | ഭവഗദ |
| 11 | 4 | കേതാരമഗൗഡം | കേദാരഗൗഡം |
| ,, | 20 | കണ്ടിട്ടു | കണ്ടിട്ടു |
| 12 | 17 | ചെവത്തി | വെവത്തി |
| ,, | 21 | ആരഭി | ആരഭി |
| 14 | 8 | നാഥഹേ | നാഥ! ഹേ |
| ,, | 20 | വന്നിടാ | വന്നീടാ |
| 15 | 10 | ജുഷ്യ | ജുഷ്യ |
| 17 | 17 | ശുഷ്ണ | ശുഷ്ണ |
| 19 | 9 | ,, | ,, |
| ,, | 15 | മയച്ചു | മയച്ചു, |

NATIONAL BOOK STALL SPCS LTD. KOTTAYAM

| വശം | വരി | ദുഷ്ടം | ശുദ്ധം |
|---|---|---|---|
| 19 | 18 | മേകീടുന്നു | മേകിടുന്നു |
| 20 | 1 | മെന്ന | മെന്നു |
| ,, | 9 | മതിനോടില്ല | മതിനൊടില്ല |
| ,, | 10 | ചൊല്ലീടുവാൻ | ചൊല്ലിടുവാൻ |
| ,, | 21 | പാഴ്പുര | പാഴ്പ്പുര |
| ,, | 23 | വീണീടാതതു | വീണിടാതതു |
| 21 | 1 | പോലെസത്താം | പോലസത്താം |
| 22 | 5 | ത്തവരോടു | ത്തവരൊടു |
| ,, | 11 | പുരുഷനു | പൂരുഷൻ |
| ,, | 19 | ആ ബാല | ആബാല |
| 24 | 2 | പുഷ്ക്കലാളി | പുഷ്ക്കലാളി |
| ,, | 3 | നിഷ്ക്കാസിച്ചു | നിഷ്ക്കാസിച്ചു, |
| ,, | 7 | ശ്രുകമേനി | ശ്ശ്രുകമേനി |
| ,, | 8 | വേണി | വേണീ |
| ,, | 11 | മണ്ഡലേശ | മണ്ഡലേശാ |
| ,, | ,, | ക്രൂപ | ക്രൂപാ! |
| ,, | 14 | സമാനന | സമാനനാ, |
| 25 | 5 | ഇല്ല, ഇതെന്തു് | ഇ, ല്ലിതെന്തു! |
| ,, | 6 | തുറക്കന്നോ_പെ ട്ടെന്നേല്ക്കു | തുറക്കന്നോ കാന്താ!_ പെട്ടെന്നേല്ക്കു, |
| ,, | 16 | പരിതപിക്കാം. | പരിതാപിക്കാം. |
| 27 | 9 | തസ്യാമരുകാ | തസ്യാ/മരുകാ |
| ,, | 12 | ഇരുണാസ്ത്രി | ഇരുണാ/സ്ത്രി |
| 30 | 16 | വേണീ | വേണി |
| ,, | 18 | കസ്തൂരികാ | കസ്തൂരികാ |

| വശം | വരി | ദുഷ്ടം | ശുദ്ധം |
|---|---|---|---|
| 30 | 20 | തഞ്ചിടുന്ന | തഞ്ചീടുന്ന |
| 33 | 16 | യാചാത്തരാം | യാചത്തരാം |
| ,, | 18 | വണങ്ങിടുന്നേൻ | വണങ്ങീടുന്നേൻ |
| 34 | 1 | സാവേതരി | സാവേരി |
| 34 | 11 | പൃഥ്വി | പ്പൃഥ്വി |
| ,, | 16 | മനോന്മനീം | മനോന്മനിം, |
| 35 | 13 | കാദംബനീ | കാദംബിനീ |
| 36 | 11 | സായൂജ്യ | സായൂജ്യ |
| ,, | 16 | ന്നെന്നോക്കെ | ന്നെന്നൊക്കെ |
| 37 | 6 | ശ്രീരംഗം | ശ്രീരാഗം |
| ,, | 15 | പരമഹംസ | പരമഹംസാ |
| 38 | 7 | മില്ലാക | മില്ലാകയാൽ |
| ,, | 8 | യാൽ ശിക്ഷ | ശിക്ഷ |
| 39 | 2 | തന്മൂലമായുത്ഭവിപ്പ | തന്മൂലമായുത്ഭവിപ്പൂ |
| 40 | 2 | വർഷിക്കേണം | വർഷിക്കണം |
| | | (രംഗസംഗ്രഹം) | |
| 41 | 16 | ഗുരുപദേശം | ഗുരൂപദേശം |
| 42 | 7 | ശ്രീശങ്കരൻ | ശ്രീശങ്കരൻ, |

2-ാം പതിപ്പ് കാപ്പി—1000

☞ ഗ്രന്ഥകർത്താവിന്റേയോ പ്രസാധകന്റേയോ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാണ്.

പ്രസാധകൻ:—

ആഗമാനന്ദസ്വാമി.

# ശ്രീ ശങ്കരവിജയം

ആട്ടക്കഥ,

★

ഗ്രന്ഥകത്താ:

പന്നിശ്ശേരിൽ നാണുപിള്ള.

B. B. PRESS. PARUR.

# വന്ദനശ്ലോകങ്ങൾ.

---

ദാത്തുഃ സ്മരാമി വിദ്ധ്യായാ–ഹയാസ്യസ്യ പരാത്മനഃ
ഉന്മീലയത്തു ഹൃത്പദ്മം–തത് കൃപാലോകകന്ദളഃ

ശ്രീനീലകണ്ഠകലയാ ഭുവി യോ/വതീർണ്ണോ
ജ്ഞാനപ്രചാരവിധിനാ പവിത്രം ധരിത്രീം
പ്രജ്ഞാനിധിഃ സ യതിവര്യ്യഗുരുഃ സദാ മാം
സത്രാകരോത്വഖിലകർമ്മസു തീർത്ഥപാദഃ.

# ആമുഖം.

'ശ്രീശങ്കരവിജയം' എന്ന ഈ പുതിയ ആട്ടക്കഥയുടെ പ്രണേതാവായ ശ്രീമാൻ പന്നിശ്ശേരി നാണുപിള്ളയെപ്പററി കേട്ടിട്ടില്ലാത്ത ഭാവുകന്മാർ മലയാളക്കരയിൽ അധികമുണ്ടെന്നു തോന്നുന്നില്ല. അദ്ദേഹം ഇതിനു മുമ്പുതന്നെ 'നിഴൽക്കുത്ത്' എന്ന ആട്ടക്കഥ പ്രസിദ്ധീകരിച്ചു തനിക്കു നൃത്യപ്രബന്ധങ്ങൾ രചിക്കുന്ന വിഷയത്തിലുള്ള പാടവാതിശയത്തെ സ്പഷ്ടമാക്കീട്ടുണ്ട്. സർവ്വതന്ത്രസ്വതന്ത്രനായിരുന്ന ശ്രീമൽ പരമഹംസ നീലകണ്ഠതീർത്ഥപാദരുടെ അന്തേവാസിയായും അനുയായിയായും വളരെക്കാലം ജീവിക്കുക നിമിത്തം അദ്ദേഹത്തിന് അനന്യസുലഭങ്ങളായ ചില സിദ്ധികൾ കൈവന്നിട്ടുണ്ട്. സംസ്കൃതഭാഷയിൽ അദ്ദേഹം സമ്പാദിച്ചിട്ടുള്ള ജ്ഞാനം അഗാധമാണ്; സംസ്കൃതത്തിലും ഭാഷയിലും ഒന്നുപോലെ സഹൃദയസമ്മതമായ രീതിയിൽ കവനം ചെയ്യുന്നതിനും അദ്ദേഹം സമർത്ഥനാണ്.

കഥകളി പ്രസ്ഥാനം പല കാരണങ്ങളെക്കൊണ്ടും പുനരുത്ഥാപിതമായി പുരോഗമനം ചെയ്യുന്ന ഒരു കാലമാണിതു്. കേരളത്തിൻെറ പ്രത്യേക സ്വത്തുക്കളിൽ ഒന്നായ ഈ പ്രസ്ഥാനത്തിൻെറ വിജയത്തിൽ നാമെല്ലാവരും അഭിമാനം കൊള്ളേണ്ടതും അതിനുവേണ്ടി യാവച്ഛക്യം പ്രയത്നിക്കേണ്ടതുമാണെന്നു പറയേണ്ടതില്ലല്ലോ. ആ ദൃഷ്ടിപഥത്തിൽനിന്നു നോക്കുമ്പോൾ ശ്രീമാൻ നാണുപിള്ളയുടെ ഏതദ്വിഷയകമായ വ്യവസായം ഏററവും അഭിനന്ദനീയമാണെന്ന് ഏവർക്കും കാണാവുന്നതാണ്.

ശ്രീശങ്കരഭഗവത്പാദരേക്കാൾ മഹനീയനായ ഒരു പുണ്യപുരുഷൻ ലോകത്തിൽ ഇന്നുവരെ ജനിച്ചിട്ടില്ല. മഹാകവിമൂൎദ്ധന്യൻ, സൎവ്വജ്ഞപീഠാരൂഢൻ, അദ്വൈതമതപ്രതിഷ്ഠാപകൻ, ശാസ്ത്രകാരാഗ്രണി, സാക്ഷാൽകൃതപരമാത്മാവു്, ഇങ്ങനെ ഏതു നിലയിൽ പരിഗണിച്ചാലും അദ്ദേഹം കനിഷ്ഠികാധിഷ്ഠിതനായി പ്രശോഭിക്കുന്നു. ജഗൽഗുരു എന്ന ശബ്ദംകൊണ്ടു തികച്ചും അഭിധേയനായ ആ മഹാത്മാവിന്റെ അപദാനങ്ങളുടെ ശ്രവണവും സ്മരണവും ഏതു ഭാരതീയനെയാണു് പുളകമണിയിക്കാത്തതു്!

"വാഗ്ഗുംഫൈഃ കുരുവിന്ദകന്ദളനിഭൈ-
രാനന്ദകന്ദൈസ്സതാ-
മൎത്ഥൌഘൈരരവിന്ദവൃന്ദകുഹര-
സ്പന്ദന്മരന്ദോജ്ജ്വലൈഃ
വ്യംഗ്യൈഃ കല്പതരുപ്രഫുല്ലസുമന-
സ്സൌരഭ്യഗൎഭീകൃതൈ-
ൎദ്ദത്തേ കസ്യ മുദം ന ശംകരഗുരോ-
ൎവ്യാൎത്ഥകാവ്യാവലിഃ?"

എന്നും,

"സോൽകണ്ഠാകുണ്ഠകണ്ഠീരവനഖരവര-
ക്ഷുണ്ണമത്തേഭകുംഭ-
പ്രത്യഗ്രോന്മുക്തമുക്താമണിഗണസുഷമാ-
ബദ്ധാദോൎയ്യുദ്ധലീലാ
മന്ഥാദ്രിക്ഷുബ്ധദുഗ്ദ്ധാൎണ്ണവനികടസമു-
ല്ലോലകല്ലോലമൈത്രീ-
പാത്രീഭൂതാ, പ്രഭൂതാ, ജയതി യതിപതേഃ
കീൎത്തിമാലാ വിശാലാ"

എന്നും മററും ശങ്കരവിജയ മഹാകാവ്യകാരൻ ചെയ്തിട്ടുള്ള പ്രസ്താവന ഭൂതാൎത്ഥകഥനം മാത്രമാണ്. ആ അമാനുഷ പ്രഭാവനായ ആചാൎയ്യസാൎവ്വഭൗമനെ പ്രസവിക്കുവാനുള്ള ഭാഗ്യം നമ്മുടെ മാതൃഭൂമിയായ കേരളത്തിനാണ് സിദ്ധിച്ചതു് എന്നുള്ള വസ്തുതയുടെ ധാരണ മതി നമ്മെ ചരിതാർത്ഥരാക്കുവാൻ. അദ്ദേഹത്തിൻെറ ജീവിതത്തിലെ ചില പ്രധാന സംഭവങ്ങളെ വിഷയീകരിച്ചാണ് ശ്രീമാൻ നാണുപിള്ള 'ശ്രീശങ്കരവിജയം' നിൎമ്മിച്ചിരിക്കുന്നതു്.

പ്രസ്തുത കൃതി ആടിക്കാണാനും, പാടിക്കേൾക്കാനും കൊള്ളാവുന്ന ഒന്നാണെന്നുള്ളതിൽ പക്ഷാന്തരമുണ്ടാവാൻ പാടുള്ളതല്ല. ശൃംഗാരാദി വിവിധരസങ്ങൾ അംഗങ്ങളായും ശാന്തം അംഗിയായും ഇതിൽ പരിലസിക്കുന്നു. എല്ലാ മാതിരിയിലുമുള്ള പാത്രങ്ങൾക്കും ഇതിൽ പ്രവേശനമുണ്ട്. പുറപ്പാടു ശ്ലോകമാണ് താഴെ ചേൎക്കുന്നതു്. അതുതന്നെ എന്നെ സാമാന്യത്തിലധികം ആകർഷിക്കുകയുണ്ടായി.

"ത്രിപുട്യാ മിഥ്യാദൃഗ്വിഷയഭിദയാ സ്വൎരഹിതോ
വിശുദ്ധജ്ഞാനൈകപ്രകൃതിരനിഗാദ്യഃ ശ്രുതിശതൈഃ
ക്രിയാശക്ത്യാ യുക്തോ ദയിതതമയാ കാമദഹനഃ
സമിന്ധേഽഗ്രേ സതാമതിശയമയത്രുവ്യക്ഷിതിഭൃതഃ"

ആകെക്കൂടി നോക്കുമ്പോൾ ഈ ആട്ടക്കഥ 'കാന്താസമ്മിതതയോപദേശയുജേ' എന്ന ന്യായത്തിൽ പാൎയ്യന്തികമായി പ്രേക്ഷകന്മാൎക്കു കൃത്യാകൃത്യോപദേശം ചെയ്തു് അവരെ മോക്ഷമാൎഗ്ഗോന്മുഖരാക്കിത്തീൎക്കുമെന്നുള്ളതിനു സംശയമില്ല. ആ വൈശിഷ്ട്യം ഇതര കഥാവസ്തുക്കളെ ആശ്രയി

ച്ചു രചിക്കുന്ന നൃത്യപ്രബന്ധങ്ങൾക്ക് ഇത്രമാത്രമുണ്ടാകുവാൻ തരമില്ലല്ലൊ. 'ശ്രീശങ്കരവിജയ'ത്തിനും അതിന്റെ പ്രണേതാവും പരിണതപ്രജ്ഞനുമായ ശ്രീമാൻ നാണുപിള്ളയ്ക്കും സർവ്വ വിജയങ്ങളും ഹൃദയപൂർവ്വമായി ആശംസിച്ചുകൊണ്ടു വിരമിക്കുന്നു.

കൈരളീദാസൻ

തിരുവനന്തപുരം, ഉള്ളൂർ.

26—6—41.

# മുഖവുര.

കഥകളിയുമായി എനിക്ക് എന്തോ ജന്മാന്തരബന്ധമുണ്ടെന്നു ചില സുഹൃത്തുക്കൾ പറയാറുള്ളതു് വെറും കളിയോ പൊളിയോ അല്ല. ഇനി ഈ വേല വേണ്ട വയ്യെന്നു വച്ചിരുന്ന ഞാൻ പ്രസ്തുത കൃതിയുടെ രചനയിൽ ഇടപെടേണ്ടതായി വന്നതു് അതിനു തെളിവാണ്. 'മതവിഷയകമായി പ്രവൎത്തിക്കാവുന്നവർ ഇങ്ങനെ ആട്ടക്കഥ എഴുതാനും മററും കാലം കളഞ്ഞാൽ എങ്ങനെ?' എന്ന് എന്നേക്കുറിച്ചു് പലരോടും പരാതി പറഞ്ഞിട്ടുള്ള എൻെറ ആ ബാല്യസ്നേഹിതൻ ശ്രീമദാഗമാനന്ദസ്വാമികൾ, മൂന്നുനാലു കൊല്ലം മുമ്പു് കൊല്ലത്തുവച്ചു കണ്ടപ്പോൾ ശങ്കരഭഗവൽപാദരുടെ ചരിതം ഉടൻ ഒരു കഥകളിപ്രബന്ധരൂപത്തിലാകേണ്ട അത്യാവശ്യത്തെ ഊന്നിയാണ് എന്നോടു സംഭാഷണമാരംഭിച്ചതു്. അദ്ദേഹത്തിൻെറ മുഖത്തുനിന്ന് അങ്ങനെയൊന്നു കേട്ടതു് അപ്രതീക്ഷിതമായ കൗതുകം ഉല്ലാദിപ്പിക്കുകയാൽ, 'ആട്ടേ' എന്ന് ഔപചാരികമായി ഏററു എങ്കിലും കഥയെഴുതുന്ന കാൎയ്യത്തിൽ ആയിടെയെങ്ങും ഞാൻ പ്രവേശിച്ചില്ല. അദ്ദേഹമോ, ആ പിടി വിടാതെ 'കൎക്കടകത്തിനു മുമ്പുതന്നെ പുസ്തകം തയ്യാറാക്കാൻ സമ്പൂൎണ്ണം ശ്രമിക്കുമല്ലോ. ഇതു് എൻെറ മഹാമനോരാജ്യങ്ങളിലൊന്നാണ്". ശങ്കരചരിതവും ശങ്കരോപദേശവും കേരളം മുഴുവൻ വ്യാപിപ്പിക്കുക എന്നുള്ളതിൻെറ മുഖവുരയാണിതു്. ജഗദ്ഗുരുവിന്റെ ജന്മഭൂമി ബൗദ്ധപാഷണ്ഡമ്ലേച്ഛരഹിതമാക്കിത്തീൎക്കുകയെന്ന

തിൽ നിങ്ങളുടെ ഈ ഉദാരമായ സംഭാവനയ്ക്ക് ലോകമെന്നും കടപ്പെട്ടിരിക്കുന്നതാണ്...................' എന്നിങ്ങനെ എന്റെ അലസത ഭഞ്ജിക്കുമാറുള്ള കത്തുകൾ അടിയ്ക്കടിയയച്ചും മററും സ്വാഭിലാഷം എന്നെ അനുസ്മരിപ്പിച്ചുകൊണ്ടിരുന്നു. ഒടുവിൽ ഒഴിയാൻ കഴിവില്ലെന്നുകണ്ട് 114 മിഥുനം അവസാനത്തിൽ തുടങ്ങി, ഏകദേശം ഒരു മാസക്കാലം കൊണ്ട് ഗ്രന്ഥം മുഴുമിച്ചു. അദ്ദേഹം ത്വരിപ്പിച്ചിരുന്ന പ്രകാരം അരങ്ങേററവും പ്രചരണവും ചിങ്ങത്തിൽതന്നെ നടത്തിക്കൊള്ളാൻ അറിവുകൊടുത്തു. അതിന്, 'എഴുതാനാണ് പ്രയാസമുള്ളത്. നിങ്ങൾ ആരോഗ്യത്തോടുകൂടി ഇരിയ്ക്കുമ്പോൾ മാത്രമേ അത് സാദ്ധ്യമാകൂ എന്നുള്ളതുകൊണ്ടാണ് എഴുതാൻ തിടുക്കം കൂട്ടിയത്. വേദാന്തം നല്ലവണ്ണം പഠിച്ച ഒരു കഥകളിയെഴുത്തുകാരനെ വേറെ മലയാളത്തു കിട്ടുകയില്ലെന്നെനിക്കറിയാം. അതുകൊണ്ട് നിങ്ങൾ സാധിച്ചത് ഒരു വലിയ മഹാകാര്യമാണ്....... 'എന്നിപ്രകാരമായിരുന്നു മറുപടിയുണ്ടായതെങ്കിലും വളരെ അമാന്തിക്കാതെ 115 മകരത്തിൽ കാലടി അദ്വൈതാശ്രമത്തിൽ വച്ച് കഥയുടെ രംഗപ്രവേശം അദ്ദേഹം മംഗളമായി നടത്തിച്ചു. ശങ്കരചരിത്രം ചലനചിത്രമെടുത്തത് നമ്മുടെ ദിവാൻജി അവർകളുടെ ഉദ്ഘാടന പ്രസംഗത്തോടുകൂടി മദ്രാസിൽ ആദ്യമായി പ്രകാശിപ്പിച്ചതും ആ രാത്രി ആയിരുന്നു. വളരെനാൾ കൊണ്ട് ശങ്കരജന്മഭൂമി സന്ദർശിക്കാനാശിച്ചു പുറപ്പെട്ട ധന്യനായ ഒരു വംഗദേശസന്യാസിയും അന്നാണവിടെ എത്തിച്ചേർന്നത്. ആയിടയ്ക്ക് കാലടിശ്ശങ്കരമഠത്തിൽ വിശ്രമിച്ചുപോന്ന ഇപ്പോഴത്തെ ആചാര്യരെ അല്പനാളായി ബാധിച്ചിരുന്ന ചിത്താസ്വാസ്ഥ്യം ആ പുണ്യനിശയിൽ നി

ശ്ലേഷം നീങ്ങി. 'ചിത്സേകച്യുതമോഹനായ' ജഗദ്ഗുരുവിൻെറ കഥ അഭിനയിച്ച ശുഭവേളയിൽ ഇങ്ങനെ ചില വിശേഷസംഭവങ്ങളുണ്ടായതിൽ ഒട്ടും ആശ്ചര്യപ്പെടേണ്ടതില്ലല്ലൊ. ഒടുവിൽ പറഞ്ഞ അത്ഭുതവാൎത്ത കണ്ണാകണ്ണികയാ അവിടെയെല്ലാം വ്യാപിച്ച് കഥയ്ക്ക് മാഹാത്മ്യവും പ്രചാരസൗഗമ്യവും ഉളവാക്കിയെന്ന വസ്തുതയും ഇവിടെ വക്തവ്യമാണ്. അടുത്ത പ്രഭാതത്തിൽ ആചാൎയ്യപാദരുടെ ഇല്ലപ്പറമ്പും പ്രതിഷ്ഠാദിയും കണ്ടു തൊഴുവാൻ ഞാൻ ചെന്നപ്പോൾ, മഠനിവാസികളായ ബ്രാഹ്മണർ, തലേദിവസം 'ശങ്കരവിജയം' കഥകളിക്കെത്തിയിരുന്ന പരമഭാഗവതന്മാർ, കൂട്ടമായി എന്റെ ചുററും വന്നുകൂടി ഹൎഷാശ്രു ഒഴുക്കിക്കൊണ്ടു്, 'ജഗദ്ഗുരുവിനെടയ തായ്ത്തന്തകളെ നേത്തിക്ക കണ്ണാലെ പാത്താച്ചു്' എന്നു ഗദ്ഗദത്തോടു പറഞ്ഞതുകേട്ടു് ഞാനും താദൃശവികാരതരളിതഹൃദയനായിപ്പോയി. ചെറുതിലേ എനിയ്ക്കു കഥകളിയിൽ സഹജമായുദിച്ച വാസന, ആ പ്രസ്ഥാനത്തിൽ മതവിഷയകമായുള്ള കുറവു തീരുമാറ് ഇങ്ങനെയൊരു പാവനകൎമ്മം നിൎവ്വഹിക്കുന്നതിന് ഒടുവിൽ ഉപയോഗപ്പെട്ടല്ലൊ എന്നു് അപ്പോൾ ഉയൎന്ന വിചാരം എന്നെ അതീവ കൃതാർത്ഥനാക്കിത്തീൎത്തു. അതിനു പ്രേരകനായ സ്വാമികളെക്കുറിച്ച് പ്രത്യേകമൊരു ബഹുമാനവും തോന്നി.

ശങ്കരഗുരു അവതരിച്ചതു് കാലടിയിൽ കൈപ്പള്ളി ഇല്ലത്താണെന്നുള്ളതിൽ ചരിത്രഗവേഷകന്മാൎക്കു് ഇപ്പോൾ പക്ഷാന്തരമില്ല. എന്നാൽ അദ്ദേഹത്തിൻെറ ജീവിതകാലനിരൂപണത്തിൽ അവർ ഭിന്നാഭിപ്രായക്കാരാണ്. എന്നിരുന്നാലും കാഞ്ചീപുരം മഠത്തിലെ ഗ്രന്ഥവരികൾകൊണ്ടും

ഗൗഡപാദൻ, കുമാരിലഭട്ടൻ ഇവരോട് ആചാര്യസ്വാമികൾക്ക് സമകാലികത്വമുള്ളതിനാലും ഏ. ഡി. രണ്ടും മൂന്നും നൂററാണ്ടിലെ തമിഴ കവികൾ ശങ്കരമതം പ്രസ്താവിച്ചുകാണുന്നതുകൊണ്ടും ആചാര്യകാലം ബി. സി. ഒന്നാം നൂററാണ്ടിൻെറ അന്ത്യഘട്ടം—ബി. സി. 46 മുതൽ 14 വരെ—എന്ന് ഇന്ന് ഏകദേശം തീർച്ചപ്പെട്ടുത്തിയിട്ടുണ്ട്. പ്രജ്ഞാനാനന്ദസരസ്വതി, സർവ്വജ്ഞസദാശിവബോധൻ, ആത്മബോധൻ ഇവരുടെ മതങ്ങളും ഈ പക്ഷത്തിന് ഉദ്ബലകങ്ങളാണ്. മാക്സ്മുള്ളർ മുതൽപേർ പറയുന്ന എട്ടാം ശതകത്തിലെ ശങ്കരൻ അഭിനവശങ്കരനാണെന്നും ആദിഗുരുവിനെക്കുറിച്ചു പ്രചലിതമായിരിക്കുന്ന വിധവാപുത്രാദി കഥകളെല്ലാം അദ്ദേഹത്തിലാണ് സ്ഥലംപിടിക്കുന്നതെന്നും അധുനാതന പണ്ഡിത നിരൂപകന്മാർ സരേഖം വ്യവസ്ഥാപിക്കുന്നു. ആദിശങ്കരൻ അദ്വൈതമതവും തൽപ്രചരണാർത്ഥം നാലു മഠങ്ങളും സ്ഥാപിച്ച് തിരോധാനം ചെയ്തു; പ്രസ്ഥാനത്രയഭാഷ്യവും മഠാമ്നായം തുടങ്ങിയ ഒന്നുരണ്ടു ഗ്രന്ഥങ്ങളും മാത്രമേ അദ്ദേഹത്തിൻെറ രചനകളായിട്ടുള്ളു എന്നും അവർക്കഭിപ്രായമുണ്ട്. ശേഷം ആ മഹാത്മാവിൻെറ കർത്തൃത്വത്തിൽ അറിയപ്പെടുന്ന സ്തോത്ര നിബന്ധങ്ങളും മററും പിൻഗാമികളായ ഉജ്ജ്വലശങ്കരൻ, മൂകശങ്കരൻ മുതലായവരുടെ കൃതികളാണെന്നു പല തെളിവുകളും ഉദ്ധരിച്ച് അവർ വിവദിക്കുന്നു. ആ വക വാദമുഖങ്ങളെല്ലാം എടുത്തു കാട്ടുന്നതിന് ഇവിടെ ഇടമില്ലാത്തതിനാൽ വിടുന്നു.

ആചാര്യസ്വാമികൾ, അദ്വൈതപക്ഷവും തത്സമർത്ഥകമായ മായാവാദവും മാധ്യമികബൗദ്ധസിദ്ധാന്തത്തെ ഉ

പജീവിച്ചു സൃഷ്ടിച്ചതാണെന്നു സാധിക്കാൻ ചില നവ്യനിരൂപണചതുരന്മാർ ബദ്ധപ്പെട്ടുകാണുന്നു. ഈ വീൺവാദം 'ഇതി വിച്ഛിന്നമൂലം മാഹായാനികബൗദ്ധഗാഥായിതം മായാവാദം വ്യാവൎണ്ണയന്തോ ലോകാൻ വ്യാമോഹയന്തി' 'മായാവാദമസച്ഛാസ്ത്രംപ്രച്ഛന്നംബൗദ്ധമുച്യതേ" എന്നിങ്ങനെ ഭട്ടഭാസ്കരാദി വിമതസ്ഥന്മാർ പണ്ടേ പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ, ബുദ്ധൻെറ കാലത്തിന് എത്രയോ മുമ്പുള്ളതും ബുദ്ധന് 'അദ്വയവാദി' എന്ന അഭിധയ്ക്കു് മാൎഗ്ഗമരുളിയതുമായ ഉപനിഷത്തു്, ഗീത മുതലായവയിൽ അദ്വൈതസിദ്ധാന്തവും മായാവാദവും അസന്ദിഗ്ദ്ധം തെളിഞ്ഞുകാണുന്നതു് ഇക്കൂട്ടരുടെ ദുരുക്തിപ്രക്രമത്തെ ഉന്മൂലനം ചെയ്യുന്നു. 'മായാന്തു പ്രകൃതിം വിദ്യാന്മായിനന്തു മഹേശ്വരം' ഇത്യാദി മന്ത്രങ്ങൾ ഇവിടെ ശ്രദ്ധേയങ്ങളാണ്. ഉപനിഷത്തിലെ വിജ്ഞാനവാദത്തിൻെറ സന്താനമാണ് വിവൎത്തവാദമെന്ന് സൂക്ഷിച്ചുനോക്കിയാൽ ബോധപ്പെടും. വൈദികമായ കൎമ്മത്യാഗാവശ്യകത, മായാമിഥ്യാത്വം, അദ്വൈതം എന്നീ സിദ്ധാന്തങ്ങൾ കാലാന്തരത്തിൽ കാൎയ്യമറിയാത്തവർ കൈയാളിച്ചവഴി വിലക്ഷണപ്പെട്ടു ജൈനബൗദ്ധാകരങ്ങളിൽ പകൎന്നതാവാമെന്നുള്ള ഊഹത്തിനാണ് അധികം ഉപപത്തി. ഈ വീക്ഷണകോണത്തെ ആശ്രയിച്ചു നോക്കിയാൽ ആചാൎയ്യസ്വാമികൾ എല്ലാം ബൗദ്ധന്മാരോടു കടമെടുത്തതാണെന്നുള്ള വാദത്തിൻെറ പൊള്ള പെട്ടെന്നു പ്രത്യക്ഷമാകും.

സ്വാമികൾ 64 ആചാരമോ, അഥവാ അനാചാരമോ കേരളത്തിൽ പരത്തിയെന്നും, ഇത്തരം ഒരപവാദം പറഞ്ഞു വരാറുണ്ടു്. അതിലേയ്ക്കു് ശങ്കരസ്മൃത്യാദി പ്രമാണമായും

ഫാജരാക്കുന്നു. ഇതിൻെറ സാധുത്വത്തെക്കുറിച്ചുകൂടി കുറ ഞ്ഞൊന്നു ചിന്തിച്ചിട്ടു് ഈ പ്രകൃതം ഉപസംഹരിക്കാം. തത്വവിദ്യാപ്രചാരകനായിരുന്ന സ്വാമികൾ ഈമാതിരി പ്രവൃത്തിപദ്ധതികളിലൊന്നും ഏർപ്പെടാനിടയില്ല. ആ വസ്തുത അക്കാലത്തെ തമിഴകൃതികൾ സ്പഷ്ടമാക്കുന്നുണ്ടുതാനും. ശങ്കരപരമ്പരയിൽപെട്ട വിശ്വരൂപൻ, മനുസ്മൃതിക്കെഴുതിയ വ്യാഖ്യാനത്തിൽ അതുവരെയുള്ള ധർമ്മശാസ്ത്രകർത്താക്കളുടെ നാമങ്ങൾ അടുക്കുന്ന കൂട്ടത്തിൽ ശങ്കരഗുരുവിനെ ഉൾപ്പെടുത്തിയിട്ടില്ല. പോരെങ്കിൽ പല സാഹിത്യദോഷങ്ങൾക്കും ഇരിപ്പിടമായ ശങ്കരസ്മൃതി, പരിശുദ്ധപണ്ഡിതനും, നിശിതമതിയുമായ സ്വാമികളുടെ കൃതിയാണെന്നു് വിശ്വസിക്കുവാനും പ്രയാസം. ശങ്കരചരിതഗ്രന്ഥങ്ങളിൽ ഒന്നിലും തന്നെ പ്രസ്തുത സ്മൃതിനിർമ്മിതിയെ സംബന്ധിച്ചു പറയുന്നുമില്ല. അതുകൊണ്ടു് 'മുമ്പോട്ടു കാലം കടന്നുപോയീടാതെ മുമ്പേ സ്മൃതികളാൽ കോട്ടകെട്ടാൻ' മുതിന്ന സ്വാത്ഥബുദ്ധികളിൽ ആരുടേയോ ആയിരിക്കണം ടി സ്മൃതിയും ആചാരവിധിയുമെന്നേ ഊഹിച്ചുകൂടൂ. 'ഉണ്ടോരോമട്ടീമതക്കാരുമെന്തോ കണ്ടോരാരിദ്ദിവ്യയോഗീന്ദ്രതത്വം' എന്നു് സരസദ്രുതകവികിരീടമണി പറയുന്നതു് നോക്കുക.

ശങ്കരചരിതം പ്രതിപാദ്യമായി പലേ ഗ്രന്ഥങ്ങളുണ്ടെങ്കിലും മാധവാചാര്യരുടെ എന്നു വച്ചിരിക്കുന്ന സുപ്രസിദ്ധ ശങ്കരവിജയത്തെയാണു് ഈ പ്രബന്ധ പ്രണയനത്തിൽ അധികവും ആധാരമാക്കിയിരിക്കുന്നതു്. അതിൽത്തന്നെ അഭിനയിച്ചാൽ ഭംഗിയുള്ള ഭാഗങ്ങൾ മാത്രമേ രംഗങ്ങ

ളായി രൂപീകരിച്ചിട്ടുള്ളു. മററംശങ്ങളെല്ലാം ശ്ലോകത്തിലും ദണ്ഡകത്തിലും പാത്രങ്ങളുടെ സംഭാഷണങ്ങളിലും കലർത്തി മൂലകഥാകായം സമഗ്രം ഇതിൽ പ്രതിഫലിപ്പിച്ചിട്ടുണ്ട്. ഉത്തരോത്തരോന്മേഷത്തോടുള്ള ഭക്തിഭാവതരംഗഗതിയെ ഉദ്ദേശിച്ചു് നരസിംഹതിരോധാനത്തിൽ' സനന്ദനനു പകരം വിഷ്ണുവിനെ ആവിർഭവിപ്പിച്ചതൊഴികെ മൂലകഥയുടെ പോക്കിൽ യാതൊരു വ്യത്യാസവും ചെയ്തിട്ടില്ല. 'താടിയും വട്ടമുടിയും' ഒക്കെ ഒപ്പിക്കാൻവേണ്ടി കല്പിതപാത്രങ്ങളെ ഇടയ്ക്കു് സന്നിവേശിപ്പിക്കുന്ന നയവും ഇതിൽ അംഗീകരിച്ചിട്ടില്ല. ദൃഢഗ്രന്ഥിദുർഭിദമായ കർക്കശശാസ്ത്രവിഷയങ്ങളുടെ നിരന്തരപാതത്താൽ ദൃശ്യകാവ്യസ്വരൂപം പാടേ കലുഷമായിപ്പോകരുതെന്നു കരുതി അവയ്ക്കു് പരിമിതമായേ പ്രവേശനമനുവദിച്ചിട്ടുള്ളു. എന്നാലും, കലാസ്വാദരസികന്മാർക്ക് ദുർവ്വിജ്ഞേയത്വം നിമിത്തം അരുചി തോന്നാത്തവിധം ആവക വിഷയങ്ങൾ മിക്കതും മൃദുലമാക്കിച്ചുരുക്കി അങ്ങിങ്ങായി ഘടിപ്പിച്ചു മതവിഷയപ്രധാനമായ ഈ പ്രബന്ധം സലക്ഷണമാക്കുന്നതിലും യത്നിച്ചിട്ടുണ്ട്. പ്രയോഗങ്ങൾ ഭാഷയുടെ ഇന്നത്തെ നിലവാരത്തെ അധികം അതിലംഘിച്ചിട്ടില്ലെന്നാണു് എന്റെ വിശ്വാസം. പാട്ടുകളും രംഗോപജീവികൾ അവശ്യം അറിഞ്ഞു പ്രയോഗിക്കേണ്ട സംഗതികളടങ്ങിയ ശ്ലോകങ്ങളും മണിപ്രവാളത്തിലും, ശേഷം പദ്യങ്ങൾ സംസ്കൃതത്തിലും ആകുന്നതു് ആട്ടക്കഥയുടെ മാതൃകയ്ക്കു് യുക്തമെന്നു കണ്ടു് ആ രീതി ഇതിൽ സ്വീകരിച്ചിരിക്കുന്നു. രചനയെ അധികരിച്ചു്, ഇതിലധികം എന്തെങ്കിലും വിവരിക്കാനുണ്ടെങ്കിൽ അതു് —

"അത്യൂർജ്ജിതം വസ്തു ചലഞ്ച ചിത്ത-
മതഃ പ്രമാദഃ സുലഭഃ പ്രണേതുഃ
പ്രമാദിനൗ ലേഖകമുദ്രകൗ ച
കപാത്യന്തികീപുസ്തക! തേ വിശുദ്ധിഃ" എന്ന ശ്ലോകം മാത്രമാണ്. 'മത്സരസസ്യമരു'ക്കളായ സഹൃദയമണികൾക്ക് ഒരു ലഘൂപഹാരമായി ഈ നൃത്യപ്രബന്ധകൃതിയും ഇതാ സമർപ്പിച്ചുകൊള്ളുന്നു. ഇതിനെ ലക്ഷണസമ്പന്നമായ ഒരു ആമുഖംകൊണ്ടു് പ്രമുഖീകരിച്ച മഹാകവി ഉള്ളൂർ എസ്സ്. പരമേശ്വരയ്യരവർകൾ എം. ഏ., ബി എൽ-നോടും, സർവ്വമർമ്മസ്പർശിയായ അഭിപ്രായഭൂഷണങ്ങൾ ഇണക്കി അനുഗ്രഹിച്ച പണ്ഡിത സാർവ്വഭൗമൻ, ബി. ഏ. ബിരുദാങ്കിതൻ മഹോന്നത മഹാമഹിമശ്രീ കൊച്ചി ആറാംമുറ രാമവർമ്മ പരീക്ഷിത്തു തമ്പുരാൻ തിരുമേനി മുതൽപേരോടും എനിക്കുള്ള അകൃതകമായ കൃതജ്ഞത സാദരം രേഖപ്പെടുത്തിക്കൊള്ളുന്നു. പുസ്തകം അസ്തോകഭംഗിയോടു് അവിളംബം അച്ചടിച്ചുതന്ന എസ്സ്. ആർ. പി. പ്രസ്സുകാരും എൻെറ അഭിനന്ദനം അർഹിക്കുന്ന വസ്തുതയും ഇവിടെ പ്രസ്താവ്യമാണ്. ഇതിന് ഒരു *ടിപ്പണി എഴുതിവരുന്നതു് ചേർത്തും, നിസ്സാരമായി വന്നിട്ടുള്ള അച്ചടിപ്പിശകു പരിഹരിച്ചും അടുത്ത പതിപ്പു് പ്രസിദ്ധപ്പെടുത്തിക്കൊള്ളാം.

ഗ്രന്ഥകാരൻ.

---

* ഈ ടിപ്പണി എഴുതിത്തീരുംമുമ്പു് ഗ്രന്ഥകാരൻ അന്തരിച്ചുപോയി.

# അഭിപ്രായങ്ങൾ.

ശ്ലോകൈഃ പ്രൌഢഗഭീരൈ-
ശ്ശേയൈർ മധുരൈശ്ച വിരചിതോ ഭേതാ
ത്തുലയതി 'ശങ്കരവിജയഃ'
കിർമ്മീരവധം ക്രമാച്ച നളചരിതം.

വള്ളത്തോൾ.

'ശങ്കരവിജയം' ദശരസ-
സങ്കലിതം ദൃശ്യകാവ്യമനവദ്യം
അങ്കുരയതി കൌതൂഹല-
സങ്കുലിതം പുളകഭാരമനപധികം. 1

ആകാശസ്വൈരചാരാദ്ഭുതതരപരകാ-
യപ്രവേശാദിതത്ത-
ദ്യോഗപ്രാഗത്ഭ്യലഭ്യവ്യവസിതി വിലസ-
ച്ഛങ്കരാചാര്യവൃത്തം
സംവൃത്തം രൂപകം കൈരളമവിരളസാ-
രാർത്ഥസാർത്ഥപ്രസന്നം
ധന്യം തൗര്യത്രികാകൃത്രിമപരിണതസൗ-
ന്ദര്യധുര്യം വിഭാതി. 2

യാച്ഞാസിദ്ധ്യന്തരക്ഷേവകപടോത്-
പ്രാസപ്രഭൃത്യുല്ലസ-
ന്നാട്യാലംകൃതിമണ്ഡലോചിതകഥാ-
സന്ദർഭനിർഭാസിതേ

അദ്വൈതാമൃതസിദ്ധിരുത്തമനിബ-
ന്ധേഽസ്മിൻ സമിന്ധേതരാ-
മധ്യാത്മശ്രുതിവൈഖരീവിലസിതൈ-
രാമോദഭ്രമോദ്ഗമൈഃ. 3

കാവ്യസ്യാസ്യ പ്രണേതാ നിശിതതരമതി-
ർന്നീലകണ്ഠാഖ്യതീർത്ഥ-
സ്വാമിശ്രീമത്സകാശാദധിഗത 'പരമാ-
നന്ദനാഥാ'ഭിധാനഃ
സൂക്ത്യാ സൂരീശ്വരാണാം വിതരതി പരമാ-
നന്ദമിത്യത്ര കിം വാ
ചിത്രം? കുത്രാപി മിഥ്യാ ന ഭവതി മഹിതോ
ദേശികേന്ദ്രപ്രസാദഃ. 4

അമലതമമിദം നിബന്ധരത്നം
നവമവലംബ്യ നടാ ഭവന്തു ധന്യാഃ
കവയിതുരപി കീർത്തിരസ്യ ലാസ്യം
കലയതു ശൗഭസഭേ ശുഭേപ്രശസ്യം. 5

കവിദീപൻ, എം. കെ. നാരായണപിള്ള,
റി: ഹെഡ് സർക്കാർവൈദ്യൻ.

ശ്രീമാൻ പന്നിശ്ശേരിൽ നാണുപിള്ള അവർകൾക്ക്,

ഈ കഴിഞ്ഞ കുംഭമാസമാദ്ധ്യം 'രാധാവിലാസം' സ്കൂളിൽവെച്ചു തമ്പുരാക്കന്മാരുടേയും മററു മഹാന്മാരുടേയും സന്നിധാനത്തിൽ നടത്തിയ ശ്രീശങ്കരവിജയം കഥകളിയും ഈ നാട്യപ്രബന്ധത്തിൻെറ കർത്താവായ നിങ്ങളേയും ദൈവവശാൽ കാണുവാനും പരിചയപ്പെട്ടുവാനും, എന്റെ അപേക്ഷയനുസരിച്ച് നിങ്ങൾ അയച്ചുതന്ന ഈ പ്രബന്ധം എനിക്കു വായിക്കുന്നതിനും സംഗതിവന്നു.

ഇതിൽ അനേക മതതത്വങ്ങളും വിശേഷിച്ച് അദ്വൈതമതസിദ്ധാന്തവും നല്ലവണ്ണം പ്രതിപാദിച്ചിട്ടുണ്ട്. ഇതിലെ കവിതാഗുണംകൊണ്ടും, ഈ പ്രബന്ധത്തിനുള്ള അപൂർവ്വത്വംകൊണ്ടും, വിശേഷിച്ച്, 'കവേരല്പാപിവാഗ്-വൃത്തിർവിദ്വത് കർണ്ണാവതംസതി, നായകോ യദി വർണ്ണ്യേത ലോകോത്തരഗുണോത്തരഃ' എന്ന ആലങ്കാരിക വചനത്താൽ, ജഗദ്ഗുരു ശ്രീ ശങ്കരാചാര്യഭഗവത്പാദരുടെ ചരിതമിതിൽ പ്രതിപാദ്യമാകയാലും ഈ പ്രബന്ധം എല്ലാവരാലും വളരെ അഭിനന്ദനീയമാകുന്നു.

തൃപ്പൂണിത്തുറ, 13—10—115.

എന്ന്, പണ്ഡിതരാജൻ,
കെ. രാമപ്പിഷാരടി.

ചതുശ്ശാസ്ത്രപണ്ഡിതസാൎവ്വഭൗമനും, സാൎവ്വലൗകിക
സമജ്ഞാസമ്പന്നനും ആയ മഹോന്നത മഹാ
മഹിമശ്രീ കൊച്ചി ആറാംമുറ രാമവൎമ്മ
പരീക്ഷിത്തുതമ്പുരാൻ തിരുമനസ്സ്
ബി. ഏ. യുടെ

# അഭിപ്രായം.

ശ്രീഃ

പണ്ഡിതമണിയായ പന്നിശ്ശേരിൽ നാണുപിള്ള അവർകൾ ഉണ്ടാക്കിയ "ശ്രീശങ്കരവിജയം" ആട്ടക്കഥയുടെ പേരുതന്നെ കേട്ടതും, നാലഞ്ചു രംഗങ്ങൾ പ്രയോഗിച്ചു കാണുവാൻ സംഗതിയായതും ഒരുദിവസംതന്നെയാണ്. അന്നത്തെ * 'ബാലശങ്കരൻ' ഇന്നും കണ്ണിനു മുമ്പിൽ അഭിനയിക്കുന്നുണ്ടെന്നു തോന്നുന്നു. 'പദങ്ങൾ' എല്ലാം ലളിതപദസംവലിതങ്ങളെങ്കിലും, പാടികേട്ടപ്പോൾ ഭംഗിയുള്ളവയായി തോന്നിയെങ്കിലും വിഷയഗാംഭീൎയ്യം നിമിത്തം അൎത്ഥം—'മുദ്ര'യുടെ സഹായമുണ്ടായിട്ടും—മുഴുവൻ മനസ്സിലാവുകയുണ്ടായില്ല. അന്നുമുതല്ക്കുതന്നെ ഈ കൃതി ഒന്നു മനസ്സിരുത്തി വായിക്കുവാൻ എടവന്നാൽ കൊള്ളാമെന്ന മോഹം തുടങ്ങി. ഇപ്പോൾ ഈ കവയിതാവുതന്നെ ഇതിന്റെ ഒരു പ്രതി സദയം അയച്ചുതന്ന് ആ ആഗ്രഹം സാധിപ്പിച്ചതിൽ ഞാൻ അതീവ കൃതജ്ഞനായിരിക്കുന്നു.

---

* ഈ ഭാഗം അഭിനയിച്ചത് പരേതനായ കൊട്ടാരം കഥകളിനടൻ, ആതനാട്ട തട്ടപുരയ്ക്കൽ മി. ശിവരാമപിള്ളയായിരുന്നു.

ഈ ചെറുകൃതിയെ ഞാൻ അതിരസത്തോടെ ആദ്യന്തം വായിച്ചു. ശ്രീശങ്കരഭഗവൽപാദരുടെ അപദാനങ്ങളാണിതിൽ പ്രതിപാദ്യമെന്നതു് അനുക്തിസിദ്ധമാണല്ലോ. ത്രിവർഗ്ഗസാധനപരന്മാരായ ഇതരനായകന്മാരുടെ ചരിതത്തെ അപേക്ഷിച്ചു് എത്രയോ വ്യത്യസ്തമാണു് ആചാര്യരുടെ പാവനചരിതം. സ്വാമികൾ ബൌദ്ധയോഗകാണാദപാതഞ്ജലാദി മതങ്ങളേയും, വിശിഷ്യ മീമാംസാസിദ്ധാന്തങ്ങളേയും—ആചാര്യമണ്ഡനവാദപ്രതിപാദകമായ ഏഴാം രംഗം നോക്കുക—ഖണ്ഡിച്ചു് ഔപനിഷദമതമെന്നു് പ്രസിദ്ധമായ അദ്വൈതസിദ്ധാന്തത്തെ ശ്രീമൽഭാഷ്യാദ്യനേകഗ്രന്ഥമുഖേനയും, സ്വശിഷ്യമുഖേനയും, ജഗത്തിൽ പരത്തുകയാണു് ചെയ്തിട്ടുള്ളതു്. ആ ചരിതം വിസ്തരിച്ചറിവാൻ ആഗ്രഹിക്കുന്നവർ മാധവാചാര്യാദികൾ ഉണ്ടാക്കിയ മഹാഗ്രന്ഥങ്ങൾ നോക്കേണ്ടതാണു്. ആ ഗ്രന്ഥങ്ങളിൽതന്നെ അതാതു മതതത്വങ്ങൾ സംഗ്രഹിക്കമാത്രമാണു് ചെയ്തിട്ടുള്ളതെന്നു പറയുമ്പോൾ ഈ ചെറുകൃതിയിൽ അതിസംക്ഷിപ്തമായിട്ടേ കാണുകയുള്ളൂ എന്നു് വായനക്കാൎക്കറിയാമല്ലോ. പ്രധാനമാകയാൽ വേദാന്തതത്വങ്ങൾ വിശദപ്പെടുത്തുവാൻ കവി വളരെ മനസ്സിരുത്തിയിട്ടുണ്ടു്. ഈ തത്വങ്ങളിൽ ചിലതിനെപ്പററിയെങ്കിലും, കുറച്ചെങ്കിലും കുറിക്കാത്ത രംഗം ഇതിൽ ഒന്നുംതന്നെ ഇല്ലെന്നു പറയാം. എട്ടാംരംഗം ശൃംഗാരമയമെങ്കിലും അമരുകശങ്കരൻെറ 'സരമേ നീ' എന്നു തുടങ്ങിയ വാക്കിൽ തത്വോപദേശമല്ലേ നാം കാണുന്നതു്.

ഈ രംഗത്തെപ്പററി മറെറാരു സംഗതികൂടി ഇവിടെ പ്രസ്താവിക്കട്ടെ. ശൃംഗാരം, ഉടനെ കരുണം, പിന്നെ

യും ശൃംഗാരം, ഇങ്ങിനെ രസങ്ങളെ ഭംഗിയായി ഇതിൽ സങ്കലനം ചെയ്തിട്ടുണ്ട്. സരമയുടെ വേഷം ധരിക്കുന്ന ആൾക്ക് അഭിനയനൈപുണ്യം പ്രകടിപ്പിക്കാൻ ഏററവും സഹായിക്കുന്ന ഒരു രംഗമാണിത്ത്.

മററുള്ള രസങ്ങളും പുത്രവാത്സല്യാദി ഭാവങ്ങളും ആസ്വാദിക്കുവാൻ സാമാജികാദികളെ സഹായിക്കുന്ന ഭാഗങ്ങൾ ഈ കൃതിയിൽതന്നെ ഉണ്ട്. വിസ്തൃതമായ ആചാര്യചരിതത്തിൽനിന്ന് രംഗപ്രയോഗയോഗ്യങ്ങളായ ഭാഗങ്ങളെ തിരഞ്ഞെടുക്കുവാനും മററുള്ളവ ശ്ലോകത്തിലും ദണ്ഡകത്തിലുമായിക്കഴിക്കുവാനും കവി ശ്രദ്ധ വച്ചിട്ടുള്ളത്ത് അത്യന്തം സ്തുത്യർഹംതന്നെ.

ഈ കൃതിയിലെ പ്രധാനരസം ഏതാണെന്നുകൂടി കുറച്ചൊന്നു വിചാരിക്കാം. ശാന്തമാണെന്നൊരു പക്ഷം. ശാന്തരസം അഭിനയയോഗ്യമല്ലാത്തതിനാൽ അതാവാൻ പാടില്ല എന്നു ചിലരുടെ വാദം. വീരരസമാണെന്ന് മറെറാരു പക്ഷം. ഈ പക്ഷമാണ് ഗ്രാഹ്യമായിട്ടെനിക്കു തോന്നുന്നത്ത്. എന്തെന്നാൽ വിമതവിദ്ധ്വംസനം ചെയ്ത് സ്വമതം സ്ഥാപിക്കുന്നതിലുള്ള സ്വാമികളുടെ ഉത്സാഹമാണ് സ്ഥായിയായ ഭാവം, അല്ലാതെ നിർവ്വേദമല്ല. അതിനാൽ വീരരസപ്രധാനമാണിതിവൃത്തം, ധീരോദാത്തനാണ് നായകൻ എന്ന് നിർണ്ണയിക്കുന്നതിൽ അനൌചിത്യലേശമുണ്ടെന്നു തോന്നുന്നില്ല. സഹൃദയശിരോമണികൾ തീർച്ചയാക്കട്ടെ.

നമ്മുടെ കവിക്കു് നാനാദശ്നങ്ങളിലുള്ള ജ്ഞാനം പോലെ വ്യാകരണശാസ്ത്രത്തിലും വ്യുല്പത്തി നല്ലവണ്ണമുണ്ടെന്നു് ഈ കൃതി വായിക്കുന്നവക്കു് സ്പഷ്ടമാവാതിരിക്കയില്ല. സംഗീതശാസ്ത്രത്തിലും അറിവുണ്ടെന്നു് ആട്ടക്കഥാകത്താക്കന്മാരേപ്പററി പറഞ്ഞാൽ അതു് പുനരുക്തപ്രായംതന്നെ.

ഇത്രയും ശാസ്ത്രസിദ്ധാന്തനിബിഡമായ ഒരു കൃതി സാമാന്യജനത്തിനു് മനസ്സിലാവണമെങ്കിൽ ഒരു നല്ല ടിപ്പണിയുടെ സഹായം അത്യാവശ്യമായി തോന്നുന്നു. ആ ഭാരം ഈ കവിതന്നെയോ, കവിഹൃദയം നല്ലവണ്ണമറിഞ്ഞിട്ടുള്ള മറെറാരാളോ നിവ്വഹിച്ചു് ഈ വിശിഷ്ടഗ്രന്ഥം മലയാളികൾക്കൊക്കെ സോപയോഗമാക്കിത്തീക്കുമെന്നും മേലിലും ഈ കവി ഏതാദൃശ കൃതിരത്നമാലകൾ ഗ്രഥിച്ചു് കൈരളീദേവിയെ അലങ്കരിക്കുമെന്നും ഞാൻ ദൃഢമായി വിശ്വസിക്കുകയും ഈ കൃതിക്കു് പ്രചുരപ്രചാരത്തേയും, കവിക്കു് സവ്വവിധ ശ്രേയസ്സുകളേയും ആശംസിക്കുകയും ചെയ്യുന്നു.

തൃപ്പൂണിത്തുറ,
12—11—1116.

രാമവമ്മ
പരീക്ഷിത്തു തമ്പുരാൻ.

# ശ്രീശങ്കരവിജയം

## ആട്ടക്കഥ.

★

### പുറപ്പാട്.

ശംകരാഭരണം—ചെമ്പട.

ത്രിപുട്യാ മിഥ്യാദൃഗ്വിഷയഭിദയാ സ്വശ്രഹിതോ
വിശുദ്ധജ്ഞാനൈകപ്രകൃതിരനിഗാദ്യഃ ശ്രുതിശതൈഃ
ക്രിയാശക്ത്യാ യുക്തോ ദയിതതമയാ കാമദഹനഃ
സമിന്ധേഗ്രേ സതതാതിശയമയരൂപ്യക്ഷിതിഭൃതഃ.

### നിലപ്പദം.

1 സർവ്വവിവർത്തൈകാധാരൻ—നിർവ്വികാരാകാരൻ
നിർവ്വാണാത്മകനപാരൻ—നിർവ്വചനദൂരൻ

2 നൃത്തായിതാനന്ദവേഗൻ—പ്രസ്താവിതയോഗൻ
അർത്ഥിതാനുചിതത്യാഗൻ—വ്യക്തപാദഭാഗൻ

3 അജ്ഞാനഹേതുകം കർമ്മം—വിജ്ഞാനവിട്ടകേവം
യജ്ഞമൃഗാർദ്ദനവ്യാജാൽ—അജ്ഞാപിച്ച ദൈവം

4 സംഹാരലീലകൊണ്ടൊന്നും—സത്തല്ലെങ്ങുമെന്ന
സത്യാവസ്ഥ തെളിച്ചെന്നും—ശക്ത്യാ വിളങ്ങുന്നു.

# രംഗം 1.

കല്യാണി—ചെമ്പട.

നിമീലിതേ സമ്യഗവേക്ഷണേക്ഷണേ
ക്ഷിതൗ സമസ്മിന്നപഥേപഥേഽർപ്പിതേ
ശക്തിം നിജാർദ്ധാംഗമയീമിതി പ്രിയാം
ഭവോ ഭവവ്യാധിഹരോഽഭ്യഭാഷത.

ശിവൻ—

ദേവീ, പരാശക്തിരൂപിണീ, മാമക—ജീവനൗഷധിസാരമേ!
ഭാവൽകഭാവജയാം—ഭൂവേറെവിഷാദിക്ക-
മീവേളയിൽ ചലിക്കാ—തേവം നീയിരിക്കയോ?— ദേവീ

1 കർമ്മപ്രാമാണ്യവാദം—ആത്മശൂന്യതപക്ഷ-
മിമ്മട്ടു നാനാവിധ—ദുർമ്മതാന്ധതമസം
ചെമ്മേ നിറഞ്ഞു ഭ്രമൗ—ധർമ്മം മറഞ്ഞുവെന്നായ്
ബ്രഹ്മാദികളീയിട—നമ്മേയറിയിച്ചില്ലേ?

2 മാനുഷവടിവേന്തി—ജ്ഞാനപ്രകാശം വീണ്ടും
ആനയിച്ചീടാമെന്നു—ഞാനപ്പോളം കഥിച്ചതും
വാനവശ്രേഷ്ഠരതി—ലാനന്ദിച്ചേൻ സഹായ-
സ്ഥാനജനിയേററതും—മാനിനീ, മറന്നിതോ?

3 നിശ്ചയംപോലെ വിധി—വിശ്വരൂപനായ് തീർന്നാ-
നച്യുതൻ സനന്ദന—നായിതപ്പണ്ണും പലർ
ഇച്ഛാമാത്രത്താലോരോ—സജ്ജനസ്സാണ്ഡകൊണ്ടാ-
രച്ഛമാനസർ ചെയ്യും—വിശ്വരക്ഷയ്ക്കായേത്തും,

4 എന്നതിനാലെനിക്കു—മിന്നൊരംശാവതാരം
മന്നിലാരണവംശം—തന്നിലങ്ങെടുക്കേണം
നിന്നുടെ മായാബല—മന്നന്നു പ്രയോഗിച്ചു
ധന്ന്യേ, നിവ്വഹിക്ക നീ—യെന്നാവതാരകാൎയ്യം.

കാമോദരി—ചെമ്പട.

പാൎവ്വതി—

നിരുപധി പരസുഖരൂപ! തവ-കരുണബതമഹിതരൂപ

1 അവതരണാൽഭുവി—കതിധാകൃതം—
അവനമിതിനുപരിഭവതാ
ആവതന്നൊക്കെ—യാചരിതം—എന്നാൽ—
ദേവസുവിദിതമാചരിതം

2 നിന്നുടെ നിരുപമമഹിമ—മമ-തന്നിവിടെയുമതിപടിമ
ഇന്നതുവഴി സുരപതിമാർ—മഹി—യാന്നിതു,
വിസ്മരസുഷമ!

3 ഒന്നുമതറിയാത്തതുപോൽ—എന്തോ—എന്നൊ
ഹസിപ്പതുമിതുപോൽ
ചൊന്നതുവിധമഹമിഹതേ—തുണ—നിന്നിടുവ-
നനിശമഹിതേ.

# രംഗം 2.

നാഥനാമാക്രി—ചെമ്പട.

ആസീദഞ്ചിമഹീമനോജ്ഞതിലകീഭൂതേ/തിപൂതേ പുരാ
ഗ്രാമേ കാലടിസംജ്ഞിതേ ശിവഗുരുഃ ശ്ലാഘ്യോ
യഥാൎത്ഥാഹ്വയഃ
ജാത്യാ ബാഡവവൎഗ്ഗഹാടകമണിർ നമ്പൂതിരിബ്രാഹ്മണഃ
പുത്രാൎത്ഥീ സതു്ചൈകദാ ദയിതയാ/വാദീദമാൎയ്യാംബയാ.

ആര്യ—

1 വൈദികപ്രവേകാ, ഭവ —പാദപത്മമട്ടംഗചിത്താ!
സാദരമനപത്യതാ—ഖേദിനി ഞാൻ തൊഴുന്നിതാ

2 ഇത്രനാളായിട്ടുമൊരു—പുത്രവദനം കാണ്മവാ-
നത്ര ഭവാനുമിവൾക്കും—അത്ര യോഗം ലഭിച്ചില്ല

3 കാലപാകപമായവയസ്സു—കാലനടയാളമിട്ടും-
പോലെ മെയ്യിൽ ജരാനര—കാലുവച്ചു തുടങ്ങിതേ.

4 സന്തതിയില്ലാതെ മൃതി—സംഭവിച്ചാൽ ഗതിയുണ്ടോ!
ഹന്ത! 'പുത്രേണായ'മാദി—കാന്ത! കാണും ശ്രുതിയോർക്ക

5 ദേവതുല്യനങ്ങെന്നുമ—സ്സർവ്വജ്ഞനെന്നൊമ്പ് ഭജിച്ചിട്ടും
ഈ വ്യസനമാറീടാതെ—യേവമേറീടുവാനെന്തേ!

സുരുട്ടി—ചെമ്പട.

ശിവഗുരു—

ഗുണഗണവതി! കേണീടൊലാ— മമ—പ്രാണനായികേ! നീ
അണിമതിയണിയുമ—ദ്ദേവൻ നമ്മിൽ—കനിവണ്മവ്യ-
ളവായിന്നായി സുഭഗേ—ഗുണ

1 നിന്നോടകഥ ചൊന്നിടുവതിനായു—ന്നിട്ടുമ്പൊഴല്ലോ-
വര—
വർണ്ണനീജനവന്ദിതേ, നിയിഹവനാത്തുമതിഖേദാൽ
നന്ദിയൊടതു സതി, കേൾക്കുക നഗപതി-
നന്ദിനീപതി കിനാവിവനിന്നാലെയൊന്നുകാട്ടി,യുളവാം-
തവ ശിശുവതി-ധന്യനാശ്ശുതന്നൊയെന്നു സുന്ദരി—
ഗുണഗണ

2 'ബ്രാഹ്മണാ! സുതൻ സർവ്വവിത്തമ—നായിരു-
നിടണ,മെന്നാൽ—ആയു-
സ്സുമ്മഹാനു കുറയും' മൃഡനിതുവിധമെന്നോട്ടരച്ചിടവേ
സമ്മതം മേ—സമ്മതനിതിദൃഢമോതി ഞാനുമതി-
നാലതിയാസ്സുരാ
നമ്മുടെ മകനിഹ ജീവിത,മതിലും—സാംബനെന്റെ
കണ്മണിക്കു തുണയാം—ഗുണ

3 ജന്മാന്തരങ്ങളിൽ വ്യാപരിച്ചകമേ—ജാതമാം
വട്ടവുതാൻ മേൽ
കർമ്മചക്രചരജീവനുഭോഗ്യം—ബാഹ്യമാവതറിക-
നാന്മുഖനുമതിനെ നീക്കരുതേതുമേ, നിർമ്മലാംഗി,—
ധർമ്മനിയമമപ്പടയം
ഉണ്മയോക്കിലിവിടാക്കമബാധിതശർമ്മമില്ല കാമ്യമല്ല
ജന്മിത—ഗുണഗണവതി

ഇടശ്ലോകം.

അബ്ദാന്ദ്ധത്തിന്നു പിന്നെക്കദനമനുഭവിക്കേണ്ടിവന്നില്ല
നീണാൾ
സദ്യോബാലൻ ജനിച്ചൂ ശുഭകരമഭിജിത്തൊത്ത
ചൈത്രാർദ്രനാളിൽ
ഉദ്യൽസൗഖ്യംകൊട്ടക്കും ശിശുവിനു ജനകൻ
ശങ്കരാഭിഖ്യ നൽകീ
വിദ്യാസിദ്ധ്യാദി സർവ്വം. സ്ഫുടമവനിൽ വിരാജിച്ചി-
തെട്ടാംവയസ്സിൽ.

# രംഗം 3.

മുഖാരി—ചെമ്പട.

പ്രായംചെല്ലുന്തോറുമൗൽസുക്യമില്ലാ—തായിക്കണ്ടീ-
ലോകകാര്യത്തിലൊന്നും
തായാമാര്യാദേവി ശങ്കിച്ചൊരുന്നാൾ—മായാതോകത്തോട്ടു-
ചോദിച്ചിതേവം

അഥവാ

അദ്ധ്യാത്മതാപംകളവതിന്ന പരാത്മാവിൽ
മൂർത്തതാഭാനം
ചൈത്രാർദ്രയിലൊന്നിയന്ത ദ്വിജവിഭൂശിശുവായ്—
ശങ്കരാഭിഖ്യയോടും
ഹൃദ്യന്നെല്ലാകലൊസിദ്ധിയുമിളമയിലേയൊത്തി-
തെന്നാൽ പ്രപഞ്ച-
പ്പുറമേന്യേ കണ്ടു ശങ്കിച്ചൊരുദിനമവനോടമ്മ
ചോദിച്ചിവണ്ണം.

ആര്യ—

നന്ദനീയഭാവാ, മമ നന്ദനാ, നോക്കു
നിന്നെ ഞാനെവിടെയെല്ലാ—മന്വേഷിച്ചു കുമാരകാ!

1 ഒന്നിലുമുത്സാഹമെന്യേ—തന്നേ നീയും വിജനമാ-
മിന്നദിക്കരെയിലെന്തു—മന്ദനേപ്പോലിരിക്കുന്നു!

2 നിന്മനം താതവിയോഗാൽ—സമ്മദംവിട്ടതോ, കാല-
ധർമ്മത്തിനുണ്ടോ ദാക്ഷിണ്യം—സൗമ്യ! ഭവാൻ
ശിശുവെന്നായ്

3 അല്പായുസ്സിൽ വ്യഥയെങ്കിൽ - ആഗസ്ത്യമാമനുഗ്രഹം
അബ്ഭയം തീർത്തുറപ്പേകി—പിൽപാടു വദ്ധിക്കുമെന്നും

4 കേരളരാജന്നു നൽകി—ദാരകനേ, ബ്രാഹ്മണിക്കു
ദാരിദ്ര്യം സ്വർണ്ണാമലക—മാരിയാലുമകററി നീ
5 ദ്ദൂരെക്കുളിക്കുവാൻ പോകെ—പ്പാരം തളന്നോരെനിക്കായ്
ചാരത്താക്കി നീയി 'ച്ചൂർണ്ണി'—യാറിനെ നിൻ സിദ്ധിമൂലം
5 ഇപ്രകാരമെല്ലാംകൊണ്ടു—മത്ഭുതതേജസ്സാം നിന്നിൽ
എപ്പൊഴുമീ വ്യാമോഹാന്ധ്യ—മപ്പനേ, വ്യാപിക്കാ-
നെന്തേ!

ധനാശി—ചെമ്പട.

ബാലശങ്കരൻ—

1 വാത്സല്യനിധാനമേ!—മത്സവിത്രീ, മർത്ത്യനീ
നിസ്സാരജീവിതത്തിൽ—ഉത്സാഹമെന്തു പാർത്താൽ ?
2 വൃത്തിവാതവിക്ഷേപാൽ—പ്രത്യഗാത്മാംഭോധിയിൽ
മിഥ്യയായ് പൊങ്ങും വീചീ—വിസ്താരമത്രേ വിശ്വം
3 തദ്വിഷയാസക്തിയാ—മിത്തിരം പററിപ്പടന്നാൽ
ചിത്തഭ്രമത്തിനഭി—വൃദ്ധി സിദ്ധിക്കയില്ല
4 നിത്യവസ്തുവിൽ ഭാവാ—പത്തി കൈവരുത്താനീ-
യസ്ഥിരഭോഗ്യസംഗം—വിട്ടു സന്ന്യസിക്കേണം
5 ആയതിന്നനുവാദം—നീയരുളേണം, മുനി-
യായുസ്സിന്നുമത്തുപാ—ദേയമെന്നല്ലോ ചൊല്ലി.

കമാശി—മുറിയടന്ത.

ആര്യ—

ചൊൽവതെന്തെൻമകനേ!—ചാരുദർശനാ—ചൊ....
വേവുന്ന മനമേററം—താവക വചനത്താൽ—ചൊ....
1 ഭർത്താവു മരിച്ചാന്ധ്യ—മേറേറാരീ വൃദ്ധയ്ക്കു
നേത്രവും ധനംതൊട്ടുവസ്തുവും ഭവാനല്ലോ

2 അമ്മഹാൻെറ വേർപാടി—ലുന്മിഷിച്ചുള്ള താപം
നിന്മുഖേന്ദു സന്ദർശി—ച്ചെന്മതി മറക്കുന്നു.

3 'അനപായമൃയത്ത്ുമീ—യുണ്ണിയെപ്പുലത്തെ'ന്നാ
യെന്നോടോതിഗ്ഗളാന്തം—ചെന്നപ്രാണനോടായ്യൻ

4 ആരോമലേ, അച്ഛൻെറ—യാ നിശ്ചയത്തെയോക്ക
ആരുമില്ലാത്തോരെൻെറ—കാര്യ്യം നിരൂപിക്ക

5 പൗത്രൻ ജനിച്ചേ—വാനപ്രസ്ഥം വിധിച്ചിട്ടുള്ളു
ഇത്ര കൊച്ചിലേ നിന—ക്കിത്തോന്നൽ ശരിയാണോ?

6 വേണ്ട, വേണ്ട സന്യാസം—വീണ്ടു കേൾക്കില്ലതു ഞാൻ
പണ്ടുള്ളോർ പോയ വഴി—കൊണ്ടു നീ തൃപ്തനാക.

മോഹനം—ചെമ്പട

ഉദ്ധോ തയാ നിർഭരമസ്യമാഗ്ഗേ—മൃകേതഃ കപാടെ
വിഷയാശയേവ
പ്രസ്വാപം സ്വപക്ഷം സഹസൈവ നേതും—വ്യചിന്തി ത-
ത്രൗപയികം പ്രയോജ്യം.

ബാലശങ്കരൻ —

1 ധർമ്മസങ്കടത്തിലായ്—നമ്മുടെ കാര്യ്യമിപ്പോൾ
അമ്മ സമ്മതിക്കാതെ—ഒരുവകയൊരുവനമെവിടെയും
തുടങ്ങാമോ!

2 ക്ഷോണീദേവിയും വീണാ—പാണി വാണിയും മററു
വാനവന്മാരുമെന്നെ—ത്തുറവിയായിറങ്ങുവാൻ
ദ്രുതമിതാ വിളിക്കുന്നു

3 വേണ്ടതെന്തിവിടോഹോ—കണ്ടൊരുപായം, 'പൂർണ്ണ'
യുണ്ടല്ലോസഹായിക്കാൻ-മുതലമൽപദമിതിൽ-
ക്കുളിക്കവേ ഗ്രസിക്കട്ടെ

4 അമ്മയോടിയെത്തുമ്പോഴാം,-'എൻമൃതിതടഞ്ഞീടാം
സമ്മതംസന്ന്യാസത്തി-നരുളുകി'ലിതികഥിച്ചനമൃതി-
യുടൻനേടാം.

## രംഗം 4

ചെഞ്ചുരുട്ടി—മുറിയടന്ത

1 ഈവണ്ണംനിശ്ചയിച്ചദ്വിജശിശു നദിയിൽ
ചെന്നിറങ്ങീടുമപ്പോഴാം
ഹാ! വൻനക്രംപിടിച്ചു, മഹിയെവിടുകയും
ചെയ്തിതജ്ഞാനനക്രം
ആവേശംപൂണ്ടമാതാവിനൊടഥ വിടയുംവാങ്ങി,
വേണ്ടുന്നതോതി-
ഗ്ഗോവിന്ദാചാര്യർവാഴും ഗുഹയുടെമുഖമാന്നിട്ടുടൻ
വാഴ്ത്തീയിത്ഥം

ബാലശങ്കരൻ—

1 ധ്രുവമാനന്ദപീയൂഷപാനവിശിഷ്ട!—കർമ്മബീജ
സ്ഫുരണഹീന! വരിഷ്ഠ!
2 നർമ്മദാനദീതീരഗത്തനിവാസ,—ചിന്മയ!
പവനാദിഭക്ഷ്യനിരാസ!
3 ആകൃതിയെടുത്തവേദാന്തമതമേ!—പ്രാകൃതനിവന്ദ
ഗതിയിപ്പദമേ
4 ഭവഗതബാധിതനായിടുമെന്നെ—യവനം
ചെയ്തീടണമുടനേതന്നെ
5 ദൃഢതരഭക്തിയോടടിയനതിന്നു—ഗൗഡപാദപ്രിയ-
ശിഷ്യ തൊഴുന്നു.

ഇത്തരംസ്തുതിച്ചുകൊണ്ടു പദത്തിൽവീണ വഹ്നിയെ
സ്സുതപരം സമാധിവിട്ടുണന്നയോഗിനായകൻ
പുത്രനെക്കണക്കണെച്ചനുഗ്രഹിച്ചു, ദിവ്യമാം
ദൃഷ്ടിയാലറിഞ്ഞശേഷ,മിത്ഥമോതി മോദത്തോടും

വസന്തഭൈരവി—ചെമ്പട

ഗോ—

വരൂ, വരൂ, ബാലാ! സുരസദൃശാ, മമ–ചാരവേനിയിരിക്ക
ധരിക്കാതില്ലൊന്നുമങ്ങെന്നിരിക്കിലു,മിഹലോക-
നിരക്കിലാചരിക്കുവൻഞാൻ

1 അവതരിക്കും നീ വേദോദ്ധാരണകാൎയ്യത്തിനെന്നാ-
യിവനെന്നേകണ്ടുവച്ചേനോക്കനന്നായ്
അവനിയിൽധൎമ്മംകാലഗതിമൂലം വിലയിക്കും
അവനക്ഷമന്മാരനന്നുടൻഭവിക്കും
ഭവനെന്നുംസ്വപ്രഭുവെന്നുമവരെബ്ഭാഗിക്കു,ന്നൊന്നാ-
ലവപൎയ്യായങ്ങൾ, ഭാവവികാസമെല്ലാം.

2 തരുവൻമറയ്ക്കുവേദ—സാരവാക്യോപദേശം
പാരിവ്രാജകത്വവുമീയോഗദണ്ഡും
ധരിക്കുന്നോനി,ത്വചിരാൽവരിച്ചീടുംദേവഭാവം
പരമമാമിതിനെനീ സ്മരിക്കുന്നുണ്ടോ?
തിരിക്കുകകാശിക്കിന്നോ—പരത്തുക പാരിൽ ജ്ഞാനം
തുരത്തുക ദുൎമ്മതങ്ങൾ ഭവിക്കും ശുഭം.

ഇടശ്ലോകം.

സ ദൃഷ്ടതത്ത്വഃ ശ്രവണൈകമാൎഗ്ഗതഃ
പ്രനഷ്ടകാഷ്ഠാഭ്രമിരധ്വഗോ യഥാ

കാഷായദണ്ഡാദ്ഭുതശാന്തവേഷഭാ-
ഗിയായ കാശീമഠ ദേശികാജ്ഞയാ.

## രംഗം 5.

കേതാരമഗൗഡം—മുറിയടന്ത

തത്രോത്ഥിതസ്തദാത്വേതഞ്ചപരീചിക്ഷിഷുർമ്മുദാ ഭിക്ഷും
വിധൂതാന്ത്രപത്രപാം ശിവചണ്ഡാലോഽവദജ്ജായാം

ശി: ച:—

1 ഉത്തമേ,ഭൂസുരനും ശ്വപചനും—വജ്രവും
കരിക്കട്ടയുമെന്നപോൽ
ഒററവസ്തുവിൽഭിന്നമാംതോന്നലെ—ന്നാത്രനാം
ഭാവഭേദാൽതെളിയിച്ചു—ഉത്ത

2 വസ്തുതയിതുഗൗണാത്മതാദ്ധ്യാസം—മൂർത്തിയിൽ
മൂർത്തമാകുമ്പോഴോർത്തിടാ
ശുദ്ധൻഞാൻ,നീയശുദ്ധനെന്നിത്തരം—മുററിട്ടു-
മഹംഭാവമപ്പോൾവരും

3 വ്യക്തമാക്കണംനല്ലപോലിത്തത്ത്വം—യുക്തനായിട്ടു-
മദ്ഗുങ്കരൻവഴി
സകൃതജന്മജമായതദ്ദേഹാത്മ—ബുദ്ധി,യുക്തിയാൽ
ഛേദിക്കയുംവേണം.

4 ഉണ്ടുവേറെയുമായതിവസ്ത്വനെ—കണ്ടിട്ടുകാഴ്ച,മങ്ങോട്ടു
പോകനാം
രണ്ടുമൂന്നാഴ്ചകൊണ്ടവനെക്ഷേത്ര—മണ്ഡപത്തിൽ
നീകാണുന്നതില്ലയോ?

സാമന്തമലഹരി—അടന്ത

ചണ്ഡാലി—

1 പൂർണ്ണനാം നിന്നിലംശം നിർണ്ണയിക്കാനശക്യം
തോന്നിടുന്നതെന്നല്ലാതെ
വർണ്ണനാതീതാ പാക്കിൽ എണ്ണമില്ലാതെയുള്ള
ഖണ്ഡകലാത്മകനംനീ

2 ഏകകലാസംജാതനാകുമബ്ബാലനോടുനീ
കലഹിക്കാനെന്തഹോ
പോകാമെങ്കില്യ,മതുലോകത്തിനുപകാരമേകു-
മെന്നല്ലോനിന്മതം

# രംഗം 6.

വേകട—മുറിയടന്ത

അന്നാക്കാശിയിലാറവക്കിലൊരുനാൾ ശ്രീശങ്കരൻ ചുററവേ
മുന്നിൽക്കണ്ടിതുനാലുനായ്ക്കൾചുഴലുംബീഭത്സചണ്ഡാലനെ
കുന്നിക്കായണിമാല കുട്ട മുറവും പേറുന്നചണ്ഡാലിയോ-
ടൊന്നിച്ചോ,നവനൊട്ടടുത്തണയവേ ചൊന്നാൻ
ചെറുത്തിത്തരം

ശങ്കരൻ—

ആരിതാരിതടുത്തുവരുവതെടാ—മാറുതീണ്ടാതെ—ആരി

1 നീചചണ്ഡാല, നീജാതിനീതിവിട്ടീവിധമിപ്പോൾ
ആചരിപ്പാനെന്തു,കാല—മാകെമാറിമറിഞ്ഞുപോയ്

ച:—

1 ജാതിവ്യക്തിവ്യാപിയല്ലെന്നോതുവാൻ
ധൈര്യമുണ്ടോ? ത
രീതിയല്ലതെങ്കിൽ നാനാജാതിയുണ്ടാമോനരനിൽ?

പല്ലവി.

നന്നുനന്നീമൊഴികൾസന്യാസിൻ! നിന്നുചൊല്ലുക—നന്നു

ശം:—

2 ഗോത്വമെന്നപോലെവെറും—ഗാത്രധർമ്മംനോക്കിയല്ല
ലബ്ധചിത്തോല്കൃഷ്ടനാകും—മർത്ത്യനിൽജാതിനിർണ്ണീതി

3 ഉത്തമസംസ്കാരയുക്തനുത്തമജാതിയാം,നെല്ലിൽ
വിത്തുവിളവുണക്കെന്നി—ത്യാദിയാൽമേൽത്തരമില്ലേ?

ച:—

2 ഉന്നതമായസംസ്കാര—മെന്നതാത്മപരിഷ്കാരം
അന്നിരതിശയഭാവ—മാർന്നവൻഭേദൃക്കാമോ?

3 മധ്യമസംസ്കാരവാനാം—സിദ്ധവിദ്യ,നവൻഭേദ-
ബുദ്ധിവിട്ടജ്ഞരായ്ചേർന്നി—ട്ടുദ്ധരിയ്ക്കേണമവരെ

4 പിന്നെയെല്ലാംസ്ഥൂലസാമ്യ-മൊന്നുകൊണ്ടുമനുഷ്യരാം
ഇന്നിലയ്ക്കുജാതിഭേദം—ചൊന്നിടുകാരിലെന്നുനീ?

5 ഭേദചിന്തനശിക്കാത്ത—ബോധശൂന്യ,നിനക്കാരി-
സ്സാധുയോഗ്യമായപരി—പൂതവേഷവ്യഥാ തന്നു!

6 കാവിയുമുട്ടത്തുമുക്ത—ഭാവനയാഗ്രഹികളെ
കേവലംമയക്കിയുണ്ണു—മീവകക്കാർപെരുത്തുപോയ്

7 ദേഹമനിർവ്വചനീയം—ദേഹിയേകൻബോധരൂപൻ
ഊഹഹീനം നിൻെറവാദം—യാഹി മേമുന്നിൽനിന്നാശു

ആരഭി—ചെമ്പട

ശങ്കരൻ—

സൂരിവരവതംസമേ,—ആരഹോ ഭവാൻ-
പാരാതെയരുൾചെയ്യണേ

ആരെന്നാകിലും മായാകാരധാരിയായ് നില്ക്കും-
സാരതരതേജസേ സാദരം നമസ്കാരം

തസ്മിന്നേവം കൃതവതി നതിം കൃത്രിമാകാരഭാജൗ
ഭേജാതേ തേ നിജനിജതനൂ അശ്രമം സുശ്രിയൗ തൌ
പശ്യന്നഗ്രേ സ്മിതരുചിസമുദ്ദീപിതാഭ്യാശദേശാ-
വീശൗ വേദാനപി ച ചതുരഃസോഗദീദ്യോഗിമൗലിഃ.

ദേവഗാന്ധാരം—ചെമ്പട

2 കാശീവിഹാരനിരത—വിശ്വനാഥ ഹേ-വിശ്വമോഹിനീ ഭവാനീ!
മോശമല്ലയോനിങ്ങൾ—ശൈശവചരനെന്നെ
മോഹിപ്പിച്ചീടാമെന്നാ—യാശയമുറച്ചതും—കാശി
3 ചൈതന്യൈകതത്വംജഡത്തിൻ—മിഥ്യാതത്വമെന്നീ
സത്യദൃഷ്ടിയാൽ നോക്കുകിൽ
വൃത്തനീലപ്രകാശവത്വങ്ങൾ ഭാനിപ്പതു
മാററിയാലാകാശംപോൽ—ജാത്യാദ്യമാവിദ്യകം.

ശങ്കരാഭരണം—മുറിയടന്ത.

വിശ്വനാഥൻ:—

നിന്നുടെയഭിമാനജന്യമാംമദംപോക്കാ—നിന്നീവിധം തുനിഞ്ഞു
മന്യുതേടായ്കമേ—ലൊന്നിലും പരാജയം
വന്നിടാ,മതിന്നീടാന്നവൻനേടാനിടഞ്ഞാലും
1 ഇതരമതമർദ്ദനചതുരംബ്രഹ്മസൂത്രത്തി-
നതുലഭാഷ്യമെഴുതി—യദ്വൈതം സ്ഥാപിക്ക
മതിമൻ,മണ്ഡനമിശ്രമതപംകമാർജ്ജനത്താൽ
സുതരാമബ്ധ്യൂഢിയോഗപദ്യയെത്തെളിക്കുക

2 അതുപോലെവിദ്യ ദാക്ഷ്യം ഹൃദയശുദ്ധിയുമൊക്കം
പ്രതിസനന്ദനൻതൊട്ട ശിഷ്ടരെശ്ശിഷ്യരാക്കി
ക്ഷിതിയിലദ്വൈതബോധനിധിരക്ഷയ്ക്കിരുത്തീട്ടീ-
യതിവേഷമഴിച്ചെങ്കൽ--പൂക,വാഴ്കതുവരെ.

ദണ്ഡകം

1 ഈവാക്കൊടൊപ്പമധിദേവൻ, പരീതബഹുദേവൻ-
മറഞ്ഞുദിവിസാര്യൻ-
തദനയതിധുര്യൻ—വിദിതബഹുകാര്യൻ-
ഭാഷ്യസുധധുതകുമത-
ദൂഷ്യമവിരതവിബുധജുഷ്യമുളവാക്കിയുടനാര്യൻ
2 സന്ന്യാസമേകിയതി ധന്യൻ സനന്ദനനു പിന്നാശു-
പാശുപതവരരെ-
സുഗതസ്മൃതിഗതരെ—പകയൊടിതിപലരെ-
വെന്നുമതമൂറമാററി,
യന്നാവിടെയെഴുനള്ളി—കന്ന്യയിലുദിച്ചമുനിചാരേ
3 ശോധിച്ചുഭാഷ്യകൃതി—'ബോധിച്ചു'വെന്നാവനുമേധിച്ച-
മോദമൊടുരച്ചു-
പലകുറിമറിച്ചു—ചിലവകകുറിച്ചു—ചേർത്തിട്ടുകിൽ-
നന്നിതിനു
വാർത്തികസനാഥതയബ്ഭട്ടസുധിയെന്നുമറിയിച്ചു
4 ഇത്യാദിയോതിയൃഷിനാഥൻ തിരിച്ചു,യതി ഭട്ടമത-
മതിലഥധരിച്ചു
ശിവമൊഴിനിനച്ചു—ജവമൊടുഗമിച്ചു—ദക്ഷതമ-
മണ്ഡനനൊടക്ഷണമഹോവാദഭിക്ഷയതിരസമൊടു
വരിച്ചു.

# രംഗം 7.

തോടി—ചെമ്പട

തക്കോദ്ബദ്ധാസമസ്തബൌദ്ധരസനഃ ശ്രീ വിശ്വരൂപാഭിധഃ
ഖ്യാതോമണ്ഡനമിശ്രഇത്യതിതരാം മീമാംസകോത്തംസകഃ
വര്‍ണ്ണജ്യേഷ്ഠമതല്ലികാ തമഹിതം ഭിക്ഷുംപ്രതീക്ഷ്യാക്ഷമഃ
പ്രോവാചോഭയഭാരതീം സ്വയുവതീം സമ്പൂര്‍ണ്ണവിദ്യാവതീം

മണ്ഡനന്‍—

1 ഇന്ദീവരാഭനേത്രേ! അന്നശ്രാദ്ധവേളയില്‍-
വന്നുകേറിയമുണ്ഡിതന്‍
ഇന്നാളേവാദത്തിനു-സന്നദ്ധനായിവരാ-മെന്നുകഥിച്ചു-
പോയതും—ഇ

2 കാണ്‍നില്ലവനിത്രതാമസിക്കുന്നതെന്തോ- കാണിയും-
ക്ഷമയില്ലമേ
'വാണീഗുണവിശിഷ്ടവാണീ' ആരോപറഞ്ഞെന്‍-
ത്രാണികേട്ടൊളിച്ചോടിയോ?

3 ശുഷ്കവാദത്തിലെന്‍റചോദ്യം—ഛലംകൊണ്ടവന്‍-
ധിക്കരിച്ചെന്നാസംഗതി
നേക്കാനാരുമില്ലാഞ്ഞു ദീര്‍ഘമൌനമാര്‍ന്നമല്‍തക്ക-
ശക്തിയെയുണര്‍ത്തി

4 നാസ്തികാദിയെവെന്നമസ്തിഷ്കമൂച്ഛയുണ്ടോ—മസ്കരി-
ബാലന്‍ സഹിപ്പൂ
ഹസ്തിവരഗമനേ! രക്തത്തിളപ്പുമൂലം—കുട്ടികള്‍ക്കെന്തു-
തോന്നിടാ!

ഭൂരികല്യാണി—ചെമ്പട

ഉഭയ—

'സാത്വിക'ദ്വിജസത്തമ-മദ്ബഹിഃപ്രാണ!ശാസ്ത്രാ-
ബ്ധികുംഭസംഭവ!
ബൗദ്ധവാദികാദിയെ-യുക്തിവാദശക്തിയാൽ
മട്ടിച്ചുവിട്ടുകൃത-കൃത്യതയടഞ്ഞുനീ— സാ

2 എന്നാകിലുമായതിയെ-'നിസ്സാരനിവ'-നെന്നുനീ-
നിനച്ചീടൊലാ
അന്നാബ്ബലിക്കായ്-വാതിൽനന്നായ്ബ്ബന്ധിച്ചിരിക്കെ
വന്നാകാശഗമനാൽ-വന്ദ്യനകത്തതോക്ക!

3 കായവാങ്മതിദോഷങ്ങൾ-മായ്ക്കുംമാൎഗ്ഗങ്ങൾ-
കാണിച്ചു വേണ്ട-തലയും,
നാവുമെഴുംശേഷന്റെ-നവ്യാവതാരമായ
ഗോവിന്ദയോഗിയുടെ-ദിവ്യശിഷ്യനാണവൻ

4 ശ്രദ്ധവയ്ക്കേണമതിനാ-ലങ്ങിനിരുക്തിപദ്ധതിതന്നിൽ-
മുന്നോക്കാൾ
ബുദ്ധിമോശമാൎത്തുഷ്ക്ക-യുദ്ധത്തിൽപോൽവരൊല്ലാ
ബദ്ധപ്പെടേണ്ടാനീ-യസ്സിദ്ധനിതാവരുന്നു.

മധ്യമാവതി—ചെമ്പട

വിഷ്ടരൻനിഗമസാരമണ്ഡലോ
ഗൈരികാംബരമരീചിരുജ്ജ്വലഃ
കൎമ്മമാൎഗ്ഗതിമിരാരിരാബഭൗ-
ബോധകൃജ്ജഗതിശങ്കരാരുണഃ

മ:—ബാലഭിക്ഷോ,നിവേശിക്ക-ചാലവേ പീഠം— ബാല
വാദഭിക്ഷവാങ്ങിയാലും-മോദമോടതിഥിഭവാൻ
നീതികാണും മദ്ധ്യസ്ഥത ഏതൊരാളിതിൽവഹിക്കും-ബാ

പന്തുവരാടി—ചെമ്പട

ശം:—നിമ്മമയായ് സവ്വവിദ്യാ-ഹർമ്മ്യമാമീദേവിയേ ഞാൻ
അമ്മഹിതപദമേല്ക്കാൻ-നമ്രനായിക്ഷണിക്കുന്നു
എന്നതംനീവിപ്രവൃദ്ധകമ്മഠാ! കേൾക്ക

മണ്ഡനാനുമതികിട്ടിയോരുഭയപിന്നെവാദികൾജയാജയം
നിർണ്ണയിപ്പതിനുതദ്ഗളങ്ങളിലണച്ചുരണ്ടുമലർമാലകൾ
'എണ്ണിടാമിവിടെമാലവാടിയവർതോററതാ'യവളുമോതിയീ-
വണ്ണ,മെത്തിയഥപാകശാല,യവർവാദപദ്ധതിയിലുംതദാ

കാനക്കുറിഞ്ഞി—പഞ്ചാരി

ശംക:—

1 ജൈമിനീയമുഖ്യകേൾക്ക—ഞാൻപ്രതിജ്ഞചെയ്യുന്നു
താമസംവിനാഭവാനു—മാമുറനടത്തിടേണം— ജൈ

2 താപമൂലമററിടുവാൻ—സാധനമഭേദജ്ഞാനം
താപംഭേദരൂപമിഥ്യാ—ജ്ഞാനകാര്യമായതിനാൽ

3 സ്വപ്നമൃഷാബോധജമാം—ഭ്രാന്തി,യാനിലയിലെക്കാൾ
സത്യമായുണർന്നിടുമ്പോ—ളൊഴിവതിങ്ങുദാഹരണം

4 സ്ഥാപിച്ചില്ലിത്തത്വമെങ്കിൽ-ഈയതിവേഷംവെടിഞ്ഞു
നീപറയുംപോലെനിന്റെ—ശിഷ്യഭാവംസ്വീകരിപ്പൻ.

മണ്ഡ—

1 നിത്യസൗഖ്യപദവിനേടാൻ—ശുദ്ധകർമ്മമാണുപായം
ശുദ്ധിരഹിതകർമ്മജന്യം—ജീവദുഃഖമെന്നമൂലം— നിത്യ

2 പഥ്യവിധിവെടിഞ്ഞുവന്ന—ദുഷ്ടമാറിസ്വാസ്ഥനാകം
പഥ്യസേവയാചരിക്കി—ലിത്ഥമിങ്ങുകാണ്മതില്ലേ?

3 പക്ഷമിതുസാധിയായ്കി—ലക്ഷണമീരീതിവിട്ടു
ഭിക്ഷുവായിഞാൻഭവാന്റെ—ശിക്ഷണംഗ്രഹിച്ചുകൊള്ളാം

ശംക—

1 ശുഷ്കവാദവേളതന്നി—ലുദ്ഗമിച്ചപോലെതന്നെ
ഇക്കുറിയുംനിൻെറതൎക്ക—യുക്തിദോഷദുഷ്ടമത്രേ— ജൈ

6 ചിജ്ജഡസ്വരൂപിജീവ—നെന്നുചൊന്നഭട്ടനുടെ
ശിഷ്യനിതുചേൎന്നതാണെൻ—പ്രശ്നശരംതടുക്കനീ.

മണ്ഡ—

4 അത്രവേണ്ട,നിന്നിൽമീതെ—യെത്രപേരെഞാൻമടക്കി
സ്സത്വരമയച്ചുനിൻെറ—ചോദ്യമെന്തുകേട്ടിടട്ടെ.

ശം:—

7 ഉദ്ഭവലയാദിയായ—വിക്രിയകലൎന്നകർമ്മം
എപ്രകാരമേകിടുന്നു—നിർവ്വികാരനിത്യഫലം?

മ:—

5 കർമ്മജന്യമാമപൂർവ്വ—മെന്നവസ്തുതാൻഫലത്തെ
ശർമ്മശേഷമാംവിധത്തിൽ—നൽകിടുന്നതിങ്ങറിക

ശം:—

8 നശ്വരക്രിയാസമുത്ഥമാ—മപൂർവ്വംനിത്യമാണോ?
നാശവത്തതെങ്കിൽനിത്യ—മായപദമതേകിടുമോ?

9 കാരണഗുണാനുസാരി—കാൎയ്യമെന്നനിയമമെങ്ങും
തീരുമോമരണമുള്ള — ജീവികൾക്കമൃത്യുപുത്രൻ?

മ:—

6 സാന്തഹേതുവിങ്കൽനിന്നാ—നന്തകാൎയ്യമുദ്ഭവിക്കാം
ബന്ധമുണ്ടുദാഹരണം—പ്രധ്വംസാഭാവമിവിടെ

ശം:—

10 താൎക്കികമുറപ്രകാരം—നിത്യവസ്തുവാണഭാവം
അക്കണക്കിലായതൊന്നിൻ—കാൎയ്യമെന്നുവന്നിടുമോ?

11 ധ്വംസനക്രിയയ്ക്കു തീരെ—ബ്ബന്ധവുമതിനോടില്ല
ഭേസിനീ ദൃഷ്ടാന്തഹാനി—യിനിയെന്തു ചൊല്ലീടുവാൻ?

മ:—

7 കൎമ്മചോദന നിരൎത്ഥ—മെന്നു നീ കഥിച്ചിടുന്നോ?

ശം:—

കൎമ്മയുക്തി കൎമ്മമുക്തി—യൊന്നിനായ് വിധിച്ചതത്രേ.

മ:—

8 കൃത്യശക്തി നിത്യമല്ല—യെങ്കിലീ മഹാപ്രപഞ്ചം
ഇത്തരത്തിൽ നിയതനിയമ—മായി നീണ്ടുനിന്നിടുമോ?

ശം:—

12 വിണ്ണു മന്നിൻമേല്പുരയാം—മിന്നുമൊരിരുമ്പുതട്ടായ്
തോന്നി നീണ്ടുകാണ്മതൊരു—കൎമ്മംകൊണ്ടുമല്ലപാൎത്താൽ

13 പാഴറിവു തീൎത്തതാണ—പ്പാഴ്പുരത്തൂണില്ലാഞ്ഞതു
വീഴുമെന്നാഭീയുമത്തും—മായുമതിൻ തത്ത്വബോധാൽ

14 വീണീടാതതു വഹിപ്പാൻ—വേണ്ട ശക്തിയിന്ദ്രനേകാൻ
സോമരസം നൽകും കൎമ്മ—ഭോഷത്തവും കാണുമപ്പോൾ

15 എങ്ങുമിതുപോലെസത്താം — ഭ്രാന്തിവിജ്ഞാനത്തിൽ നിന്നു

പൊങ്ങിടുന്ന കർമ്മമുണ്ടോ—സത്യസ്ഥാനമെത്തിക്കുന്നു?

16 ഓക്ക നീ, ദേഹാത്മബുദ്ധി—യൊന്നു കർമ്മമൂലകന്ദം

അക്കിഴങ്ങറുക്കുവാൻ—തത് കാര്യകർമ്മം ശക്തമാമോ?

17 ഭേദരിക്തമുക്തി വരുമോ—ബുദ്ധിയതു ലയിച്ചിടാഴ്കിൽ

അതു ദഹിക്കുമഗ്നി, സത്യ—മാകുമൈക്യജ്ഞാനമേകം

മ: —

9 ഉക്തമായയുക്തിയിതു—ശ്രുത്യനുഗ്രഹീതമാണോ?

ശം:—

'തത്ത്വമസീ'ത്യാദി—മഹാവാക്യമാംപ്രമാണമിതിൽ.

മ:—

10 ഐക്യബോധകമല്ലവ,—കർമ്മനിർമ്മലാത്മാവിനെ

യോഗ്യനെന്നുവാഴ്ത്തുമർത്ഥ—വാദവിധിശേഷങ്ങളാം

ശം:—

18 ജ്ഞാനകാണ്ഡഗങ്ങളാകയാലെവിധിശേഷമല്ല-

ജ്ഞാതജ്ഞാപകത്വമൂല—മതുകൾ വിധിരൂപവുമാം

മ:—

11 'ദ്വാസുപർണ്ണാ'ദ്യങ്ങളായ—ഭേദശ്രുതികാണുന്നതോ?

ശം:—

വാസനാനുരോധമജ്ഞ—നായതാദ്യമോതിയതാം.

19 പൂർവ്വദൌർബ്ബല്യ,മുറയ്ക്കു—മായിനങ്ങൾ പൂർവ്വപക്ഷം

സർവ്വപ്രാബല്യത്തിനാലു—മൈക്യവാക്യബാധ്യമാകാ

20 വ്യസ്തദ്രവ്യം സ്വപ്നമെന്നു—കണ്ടുമുഗ്ദ്ധമാർഗ്ഗംവിട്ടു

'നാസ്ത്യകൃതാ'ദ്യശ്രുതിക—ളോർത്തുവേണ്ടതാചരിക്ക.

ഉശാനി — ചെമ്പട

എന്നും തൻപ്രിയതമന്നുണ്ട,മപ്രകാരം
സന്ന്യാസിപ്രവരനഭിക്ഷയും തയാറായ്
എന്നോതാൻവരുമുഭയാഖ്യവന്നുനോക്കി-
ട്ടന്നേരത്തവരോട്ടുചൊല്ലിമെല്ലെയേവം.

ഉഭയ:—

1 വിക്ഷുഭിതപക്ഷാ, കാന്താ —ഭിക്ഷുകുലതിലകാ!
ഭിക്ഷരണ്ടുപേക്കമിതാ—ഭക്ഷിക്കുവിൻ നിങ്ങളൊപ്പം– വി

2 മാലമഞ്ജിക്കാണ്ടുകയാൽ—തോലിപററി പതിയ്യേന്നാൽ
ജോലിതീൻവെന്നു യതി—മൗലി ഭവാൻ ഭാവിക്കേണ്ടാ

3 പാതിയല്ലോ പുരുഷനു—പത്നി,യതുകൊണ്ടു ഞാനും
ചോദിക്കു,നാതിനുത്തര—മോതുകിൽ നീ വിജയിയായ്.

ചിത്തോദ്ഭവാഗമികമാമനുഭൂതിവേദ്യ-
ചോദ്യങ്ങളുഞ്ചെവം കുറിച്ചുകൊട്ടുത്തൊട്ടുക്കം
പാത്തിട്ടു,'മററുവഴിമുട്ടിയെടുത്തിതെ'ന്നാ-
യോത്തൊട്ടുനിന്നാഥ കഥിച്ചിതുവാദിവീരൻ

ശഹന — ത്രിപട.

ശം:—

1 ആ ബാലബ്രഹ്മചാരി – യീബാലനോടിത്തരം
നീ ബലാൽ ചോദിച്ചതും–ശ്രീബാലാത്മികേ നന്നോ!–ആ

2 ഒരുമാസമവധി നീ—തരണമിതിനുത്തര-
മരുളുവാൻ, പിന്നേ നിൻെറ—വരനെൻ ശിഷ്യനാകേണ്ടു

ഇടശ്ലോകം.

'ആട്ടേ ഞാൻ സമ്മതിച്ചേ'ന്നഭയ പറകവേ
സിദ്ധാനിത്ഥം നിനച്ചൂ.
വേട്ടയ്ക്കായ് ക്കാട്ടിൽവാഴും നൃപതിയമരുകൻ
പെട്ടുവീണീടുമിപ്പോറം
പെട്ടെന്നാഗ്ഗാത്രമാന്നിട്ടിതിനു മറുപടി
യ്ക്കുള്ളതൊപ്പി,ച്ചവൻമെയ്-
വിട്ടിങ്ങെത്തിക്കടം തീത്തിവളുടെ പതിയെ
ശ്ശിഷ്യനാക്കാം ഗമിക്കാം.

# രംഗം 8.

പാടി—ചെമ്പട.

നിനാശയിഷുരാരിവാൻ നിബിഡഹിംസ്രജന്തൂത് കരാൻ
വനാന്തരമഥൈകദാ ഗതനിജോപകാര്യോദരഃ
രമാഭസരമാം സ്മരജ്വരഭരാതുരഃ പ്രേയസീം
മഹാനമരുകോ മഹീരമണവീരഹീരോ/ബ്രവീത്.

അമരുകൻ:—

1 വാത്സ്യായനാഭിജ്ഞേ—മത്സ്യാഭലോചനേ—മത്സവിധേ
വരുക!
വത്സലേ,വനതലസൽസുഖം-വിചാരിച്ചാൽ-കുതസാഹം
നഗരവിവത്സയെന്നചൊൽ സത്യം
2 പാരികാംക്ഷികളേയും പാരമിളക്കുംമധു-
ശ്രീരമ്യചേഷ്ടകറംകണ്ടിതോ'
പാരപുഷ്ടനിനാദഗാനത്തൊടും, വല്ലരീ-
ചാരുസ്തനകരവിലോലം—നൃത്തമാടുന്നു.

3 പുഷ്കരങ്ങളാൽദാനഗന്ധലഗണ്ഡചുംബി-
പുഷ്കലാളികളെ സമത്സരം
നിഷ്കാസിച്ചുധേനകാവർഗ്ഗങ്ങൾ, നിർബാധരാം
തൽകാന്തഗന്ധഗജവീരരായ് രമിക്കുന്നു.

4 മൃഗികൾ കടാക്ഷരൂക്ഷശരമെയ്തിട്ടിണകളെ-
മദനവിവശരാക്കി മേളിക്കുന്നു
ശുകികൊഞ്ചും മൊഴിതൂകി ശുകമേനിചേരു,ന്നൊന്നിൽ
മുകിൽവേണി,വാമ്യമെന്തീമൂറനീയുമാചരിക്ക.

എരിക്കില—ചെമ്പട.

സരമ:—

മണ്ഡലേശ മമ മതിമോഹനരൂപ-കർണ്ണസുധ തേ വാക്യം
വർണ്ണനീയമല്ല വനലക്ഷ്മീവിലാസങ്ങൾ
അർണ്ണോജബാണതാപശിഖിസമുദ്ദീപകങ്ങൾ— മ

1 രാകേന്ദുസമാനന മൃഗയാവ്യസനിതയാൽരാഗമീയിട-
മററുവകകളിലില്ല തവ
ആകർഷിക്കുമാരെയും പ്രകൃതിഭംഗിവിശേഷം
ആകുലമെന്തിനിവൾ ഭവദധീനയല്ലയോ?

ദുഃഖഘണ്ടാരം—ചെമ്പട.

ഇത്ഥംചൊല്ലുംപതിയായ് ച്ചേർന്നവാഴ്കെ-
ച്ചിത്തസ്പന്ദം നിന്നുവീണാൻ നരേന്ദ്രൻ
ബദ്ധോദ്വേഗം രാജ്ഞിരോദിച്ചിതേററം
മൃത്യൂദ്ഗാരം നിത്യമാസേധശൂന്യം.

സരമ:—

1 ഹാ! ഹാ! ശംകര,യിതുമോഹമോ—വൻമായയോ,യെൻ-
സ്നേഹനിധിപതിക്കേവം—ദേഹപാതം വരാനെന്തേ! ഹാ

2 കാരുണ്യത്തേൻമാരിതൂകി—പ്പാരിതാകെക്കുളിർപ്പിച്ച
വാരിജശ്രീമിഴിയിനിഹാ!—തുറക്കാതടഞ്ഞുവോ!

3 വാരൊളിവിതറിനിന്ന—ചാരുമുഖചന്ദ്രൻമങ്ങി
ആരെയും വശീകരിക്കും—ഗീരമൃതൊഴുക്കുംനിന്നു
4 'വേട്ടയ്ക്കുനീവരേണ്ട',ന്നെ—ന്നിഷ്ടകാന്തൻ തടുത്തതും
കൂട്ടാക്കാതെതിരിച്ചതിക്കഷ്ടസാക്ഷിണിയാവാനോ!
5 ദുഷ്ടവിധേ! ഇല്ല, ഇതെന്തു്—വിട്ടപ്രാണൻതുടിക്കുന്നോ?
ദൃഷ്ടിതുറക്കുന്നോ!—പെട്ടെന്നോല്ലൂതലോടുവൻ.

പന്തുവരാടി—ചെമ്പട.

ത്വരയോടുമവൻപിടഞ്ഞെഴുന്നേ-
റ്റരുമപ്പെൺകൊടിയോടിദം വചിച്ചു
ഒരുബോധമടങ്ങുവാനുമന്യ-
സ്സ്മരണത്തിന്നുമൊരല്പമാത്രപോരും.

13839

അമരുകശംകരൻ—

സരമേ,നീവധൂമൗലിസരമേ,മാഴ്കൊല്ലാ,ജീവൻ
പരമമായുണർന്നീടും—വരെമയങ്ങുമീവിധം
ഒരുകിനാവുതീരുംപോൽ—ഒരുദേഹപ്രതീതിപോയ്
മറയുന്നതത്രേമൃതി—പരിതപിക്കാനെന്തതിൽ?

പല്ലവി—

ബോധക്ഷയലവംബാധിച്ചിതിഹമേ സാധുവനിതാരത്നമേ!

2 ഹതദുഷ്ടമൃഗമാമീയടവികണ്ടാലും,കാമ-
ക്രുധതൊട്ടറ്റയോഗിഹൃദയാന്തംപോലെശാന്തം
ഉദരത്തെയുന്നിസ്സദാപതറീടുംപ്രാകൃതരെ
അപഹസിപ്പൂ ജന്തുക്കൾ അയത്നലബ്ധഭോജ്യങ്ങൾ
3 തരുലതാകുലം ഫലനിരപേക്ഷം—ഫലാദികൾ
അരുളിയുപകരിച്ചു —നരനെ ലജ്ജിപ്പിക്കുന്നു

പരിശുദ്ധി,യകൃത്രിമ—പരിസരമെന്നിവയാൽ
പരദൃഷ്ടിപരിചയം—കരുതുന്നോരിഹവാഴ്‌വു

4 സുരഭിവന്നിതുകാമ—സുരഭിപോൽ,സുമസ്മിത-
സുരുചിരരുചിചൊരിഞ്ഞുരുസുഖംതരുന്നിതാ
പരഭൃതസ്വരത്താൽനാം—പുരിതന്നിൽഗമിക്കുവാൻ
പറകയുംചെയ്തീടുന്നു—പരിചോടുപോകതന്നെ.

ഘണ്ടാരം—അടന്ത

വിപദം നൃപതേഃ ശ്രുത്വാ സഹസാ സമുപാഗതാൻ
മന്ത്രിണോ മന്ത്രവിത്തോയം സാന്ത്വയന്നാഹ ശാന്തധീഃ

അമരുകശംകരൻ—

1 മന്ത്രിവീരന്മാരേ അമ്പരന്നേവമെന്തിനോടിയെത്തി-
നില്ക്കുന്നു!
ചിന്തിക്കാനില്ലിതിൽദേഹിക്കു ദേഹബന്ധമോചഞ്ചലാ-
ചഞ്ചലം

2 അന്തകൻ കൈതട്ടിപ്പോന്നിതുഞാനും സന്താപിക്കാ-
നിനിയെന്തിഹ?
ദന്തിമാഥിനിഭശൗര്യരേ! നിങ്ങൾ സന്തുഷ്ടരായിട്ടൊരുങ്ങു-
വിൻ

3 ഇന്നുതന്നെപുരംപൂകണം ക്ഷണമെന്നാണുനമ്മുടെ-
നിശ്ചയം
സന്നാഹമൊക്കയും കൂട്ടുവിൻ—എന്റെ പൊന്നാണി-
ത്തേരാനയിക്കുവിൻ!

സാരംഗം—ചമ്പ

മന്ത്രിമാർ—

1 തുംഗതരവീര്യവിഭവ, തവചരണ പംഗജനളിനങ്ങൾ
തൊഴുതേൻ

ഞങ്ങളിതറിഞ്ഞുഴറിയിങ്ങണയവേസസുഖമങ്ങമരുവതു
കണ്ടുതിങ്ങിഹൃദികൌതുകം.

2 അരുളിയതുപോലഖിലവും—അരിശമന! ദൂരിശമൊടു
ശരിയാക്കുവൻ

പരിജനരഥാദിയൊടു—മരഞൊടിയിടയ്ക്കകം
തിരുമേനിമാരെയഹ—മരമനകരേററിടാം.

## രംഗം 9.

സൌരാഷ്ട്രം—ഏകതാളം

പ്രാപ്തസ്യതസ്യാമരുകാത്മഭ്രയം ശിഷ്യൈൗമിഥഃകൗചന-
ശംകരസ്യ

തദോചതുസ്തദചിരഹാസഹിഷ്ണു—സമംനിവാസോ
ഗുരുണാസ്തിസാതഃ

ശ: ശിഷ്യർ—

1 നമ്മുടെഗ്ഗുരുവെന്തിങ്ങെത്തിടാഞ്ഞാൻ (2) ഓർമ്മിക്കാ-
തിരിക്കയാം നവ്യാധ്യാസാൽ

1 മൃതദേഹം തിരക്കുന്നു രാജഭൃത്യർ (2) ചതിപററാതതു
കാത്തേൻ വല്ലവാറും

1 ഇനി വെച്ചുസൂക്ഷിക്കാൻ സാദ്ധ്യമാണോ (2) ക്ഷണ-
മിതിൽ പകത്തേണം ഗുരുജീവനെ

1 അതിനെന്തുകൌശലമതുചിന്തിക്ക (2) ക്ഷിതിപാലൻ-
നത്തനലാലസൻപോൽ

1 എന്നാൽ ഞാനൊരുലാസ്യക്കാരിയാകാം (2) ചെന്നതു
നിവ്വഹിക്കുകിന്നുതന്നെ

# രംഗം 10.

ഭൈരവി—ചെമ്പട

പുരിസപദിസമേത്യ തല്പതോ/സൗ
കുസുമശരേഷ്വവിധേയധീരുഷിത്വാ
കതിപയദിവസാനഥോകദാചിത്
പ്രതിനിധിവര്‍ഗ്ഗമവോചതപ്രജാനാം.

അമരുകശങ്കരൻ—

1 പൗരപ്രധാനികളേ!—സാരതരമെൻമൊഴി
പാരംശ്രദ്ധിച്ചുകേട്ടി—പ്പാരാകെപ്പുർത്തുവിൻ—പൗ

2 ജീവനില്ലാത്തദൃശ്യം—ജീവനാം ദ്രഷ്ടാവേവം
ഏവക്കമിഹരണ്ടു—ഭാവമനുഭവമാം.

3 ഭൂതസംയോഗജന്യം—ജീവനെന്നൊരുതരം
വാദമുണ്ടതുയുക്തി—ക്കാദരണീയമല്ല.

4 ഭൂതങ്ങളെങ്ങനെല്ലാം—രാസയോഗമാന്നാലും
ജാതമാകില്ലതിൻ—വിജാതിയായതിൽനിന്നും

5 ചൊന്നാദൃഗ് ദൃശ്യഭേദ—മൊന്നാൽ വൈജാത്യംവ്യക്തം
എന്നാതുകൊണ്ടു ജീവ—ചൈതന്യം സ്വാതന്ത്ര്യമാം

6 പാരമ്പര്യസംക്രാന്തി—വാദവുമസുന്ദരം
ചേരില്ലാന്തരസൂക്ഷ്മ—ചേതനാദികാംക്കംശം

7 ഖണ്ഡപ്രതീതി,ഘട—വ്യോമത്തിൽപോലുരുവിൽ
ഭിന്നമായ് തോന്നിയാലും—ചൈതന്യമൊന്നനന്തം

8 രണ്ടുമാതിരിവരാ—ചൈതന്യ,മീവാസ്തവം
കണ്ടമാത്രയിൽതന്നെ — കാണാതാം സാന്തദൃശ്യം

9 നിത്യാഭയദമാമീ—യദ്വൈതദൃഷ്ടിയാരു-
മുത്തേജിപ്പിച്ചീടണേ—മിത്ഥംനാമാജ്ഞാപിപ്പൂ.

അഠാണ—ത്രിപട

തിരുമൊഴിക്കവർ കല്പനപോലെയെ-
ന്നരുളിയസ്സഭയന്നുപിരിഞ്ഞുപോയ്
നരവരൻ പരചിന്തയിൽ വാഴവേ
സരമയെത്തി മയത്തിലുരച്ചിടം.

സരമ:—

1 രാജമണിരാജ! രാജവിദ്യ! നിന്നെ-
യോജസ്സുവിട്ടെപ്പൊഴു—മീജാതിയെന്തുകാൺമൂ!
2 മോഹാലസ്യം വരുമ്പോലാഹാരതോന്നുംചിലപ്പോൾ
മോഹവുമേറുന്നില്ല— മോഹനരതങ്ങളിൽ
3 എപ്പോഴും മതകാര്യം—തത് പ്രചാരസാഹസം
ഇപ്രകാരം സമയ—മെപ്പോഴും കളയുന്നു.
4 എന്നാലും രാജ്യസ്ഥിതി—മുന്നേതിലും സുഭിക്ഷം
അന്നത്തെ രജോരീതി—നിന്നിലൊട്ടില്ലതാനും.
5 സന്ദേഹമിവൾക്കിതി—ലന്നന്നു വളരുന്നു
മന്നോർ മന്നവ, ഭവാനൊ—ന്നുണർന്നാമന്നാലും
6 പുത്തനായ് വന്നിങ്ങൊരു— നർത്തകി,മൗനംമാറാൻ
മറവുപേരൊത്തവളെ—യത്രവരുത്തട്ടയോ?

മദ്ധ്യമാവതി—ചമ്പ

അമരുകശങ്കരൻ—

1 മധുമധുരഭാഷിണി—മാന്ദ്യലവമില്ലമേ— മാത്രനു വൃഥാ
സംശയം
ഉദയലയരഹിതമാം—ബോധരുചിയേമൗഢ്യം—
ബാധിക്കുമോ ശകലവും?

2 മതദൃഷ്ടിയൊന്നിനാൽ—മനുജാതനീസൃഷ്ടി—
മാലയിൽ വിശിഷ്ടനായി
അതുമൂലമായുസ്സിലധികാംശവുമതിൽ—മതിമാൻ
വ്യയംചെയ്യണം

3 കണ്ടതേയുള്ളെന്നു—ശണ്ഠകൂട്ടും കൂപമണ്ഡൂകദൃഷ്ടികൾ
ചിലർ
വേണ്ടെന്നുവയ്ക്കുമതുലൃണ്ടാകരാമവരെമണ്ടയുള്ളോർ
തുടരുമോ?

4 ഈ കാര്യമാകെയിവൻ,ശ്രീകാന്തമാം നിന്റെ
മെയ്ക്കാങ്കിൽ വിടുകില്ലയോ!
ആകട്ടെ, നർത്തകികളാഗമിച്ചീടട്ടെ,കേകിസമമാടട്ടവർ.

പ്രതസ്ഥാതേദ്രുതംനൃത്യാ—പ്രബോധയിതുമൂദ്യതേ
പ്രത്യുപധേയനർത്തക്യൗ—പ്രജ്ഞിലംനൃപതിംതദാ

സാരി.

1 നേത്രങ്ങൾക്കുഘനസാര—സാരാസാരം-പരം-
ശ്രോത്രങ്ങൾക്കുവീണാരവ—രമ്യവേണീ.

2 ഗാത്രത്തിനു മൃദുസുമ—സ്തോമദാമം—നാസാ-
കസ്തൂരിക,ജിഹ്വാമൃതയൂഷമേവം

3 പഞ്ചേന്ദ്രിയവഞ്ചകമായഞ്ചിതമാംഭാവം-
തഞ്ചിടുന്ന പഞ്ചബാണ പിഞ്ഛികകൾ

4 സംസാരത്തെസ്സംരക്ഷിക്കും—സംഘാഗ്ര്യകൾ-നൃപ-
സംസത്തിലണഞ്ഞുരണ്ടു—ലാസികകൾ.

നൃത്തം.

ഹിന്ദുസ്ഥാനി തോടി—ഏകതാളം.

ഭൂപദീപ,ലോപമരുതേ—രാഗേഭോഗേരതിമന്മജനവിധി
ഭൃംഗ,സംഗഭംഗമിത്ഥം—എന്തേകിന്തേമധുമദമതിഹതി?

ആനന്ദഭൈരവി—ചെമ്പട.

നൃത്തമങ്ങനെനടക്കവേ നൃപൻ – ചെററിടയ്ക്കൊരു
വിചാരമാൻടൻ
ഉററുനോക്കിയതിലേകയേ,രസം—വിട്ടെണീററവരൊട്ടു-
ച്ചരിച്ചിദം

അമരുകശങ്കരൻ:—

പോരും പോരുമീവിനോദം നൎത്തകികളേ—പോരും
സ്വൈരമാമേകാന്തവാസം-പാരമാശിപ്പൂ മാനസം- പോ
1 പോകുവിൻ നിങ്ങൾ സത്വരം—പൂകനീയുമന്തഃപുരം
വ്യാകുലമരുതിത്തരം—ആകുമല്ലോമേലുംചിരം.

ഇടശ്ലോകം.

അന്നേവംവിജനസ്ഥനായ് നരവരൻ ചിന്തിച്ചു,-
'മച്ഛിഷ്യനീ—
യന്നാംതന്നാതിലത്ഥമൃ,ണ്ടുടനെയെൻദേഹം പ്രവേശിക്കണം
എന്നാൽ,പ്രാണ,വിശുദ്ധിയാജ്ഞയിവയുടാബ്രഹ്മ-
രന്ധ്റാന്തരം-
ചേൎന്നിട്ടുച്ചിപിളൎന്നുപോയതിനെ നീ സാധിക്ക-
വൈകാതിനി'.

# രംഗം 11.

നാട്ടക്കുറിഞ്ഞി—മുറിയടന്ത.

പിന്നെസ്വയോഗതനുവാന്നിട്ടുചെന്നുഭയതന്നെജ്ജയിച്ചു
പതിയെ—
സ്സന്ന്യാസിയാക്കിയതിനന്ദ്യാ'സുരേശ്വര'നതെന്നുള്ള
പേരുമരുളി
ഒന്നിച്ചുചുററിയവർ ഖണ്ഡിച്ചുശൈവമതമെന്നാദി—
യൊക്കെയതുനാം
വന്നോരുതോല്മയിലകന്നൊന്നുനാഥനൊട്ടുകാപാലർ
ചൊന്നിതുവിധം

കാപാലികർ:—

1 കാപാലികമതം കാത്തുരക്ഷിക്കുന്ന- ഭൂപാല
ചൂഡാമണേ—വീണ്ടു-
മാപാപിവന്നിരിക്കുന്നു നമുക്കൊക്കെയാപത്തണയ്ക്കു-
വാനായ്

2 നാട്ടിലുള്ളോരുമതങ്ങളെയാകവേ—ആട്ടിയവനകററി-
രാജ-
ചട്ടത്തിനാലും നടപ്പാക്കിയദ്വൈത—നാസ്തിക-
പക്ഷമെങ്ങും.

3 ബുദ്ധികൊണ്ടായതിയെജ്ജയിച്ചീടുവാൻ-സാദ്ധ്യമല്ലാക്ക-
മെന്നാൽ—ഒരു-
ബുദ്ധിയതിനുകണ്ടെത്തണം, വേഗാ—ലബദ്ധമാമല്ലാ-
സ്സിലോ,

കേദാരഗൗഡം—ചമ്പ.

കാ: ഗുരു:—

1 കണ്ടുത കളഞ്ഞിട്ടവിൻ—ഉണ്ടിതിനപായം—രണ്ടു
ദിവസത്തിനകം വേണ്ടതിഹ ചെയ്യുൻ

2 സാധുവവചനമിതകൃപാ—ബാധിതവിവേകൻ
ബോധമോടിരിപ്പുമവ—നധികമായില്ല.

3 ശേഷിപ്പെരുതിയല്പമൊരു—ശിഷ്യരകല്പമ്പോൾ
ജോഷമണയുവനരികിൽ—വേഷമിതു മാറി

4 അതിപകയൊടും നകുല—മഹിശിരസ്സെന്നപോ-
ലവനുടയ തലതട്ടി—യഴലുടനൊഴിപ്പൻ.

# രംഗം 12.

അസാവേരി—ചെമ്പട.

സ്വീയാനിത്ഥമുദീരയൻ ദൃഢതയാദ്മമന്ത്രസിദ്ധേസ്തതഃ
പാപീയസ്തമ ഏഷവേഷമവനീദേവസ്യ ഭക്ത്വാ ഭൃശം
നാനാചരാത്രവരൈർവിവിക്തമുടജം സധ്യാനമധ്യാസിതം
ശ്രീമച്ഛങ്കരമച്ഛഗത്യതരസാ യാചാത്മരാം തച്ഛിരഃ

കാപാലികബ്രാഹ്മണൻ—

1 ധന്യാ, കമ്മന്ദിവരവന്ദ്യാ! വണങ്ങിടുന്നേൻ—ധന്യാ
അന്യദൈന്യത്തിൽ ദയ—നിന്നോളമില്ലിങ്ങാക്കും
ഇതി വിശ്രുതമതിവിശ്രുത!—ഞാനതിൽ
മതിവെച്ചൊരു ഗതിയററിഹ വന്നിതു.

2 സവ്വജ്ഞനെൻ പ്രസാദിക്കാൻ—സവ്വജ്ഞനെൻറ ശിരസ്സു-
നിവ്യാജം മമ ഹോമിക്കേണം.

ഉവ്വിയിലെങ്ങും കിട്ടാൻ—നിവ്വാഹമില്ലതെന്നായ്
ഇതിൽ നീയുടനുതകീടുക പരനുപ—കൃതിയോപ്പവർ
മൃതിനിർഭയസുകൃതികൾ

സാവേതരി—ചെമ്പട.

ശംക:—

അവശത തെല്ലുമരുതിതിൽ മാനസേ—അവനീവിബുധ-
തല്ലജാ!

ഭുവനത്തിലാരും നിന്നെയവനംചെയ്യാനില്ലെങ്കിൽ
ഇവനുണ്ടതി,നനിഷ്ടം ശിവനുള്ളതൊഴിച്ചാലും—അവ

1 ജീവിതംകൊണ്ടു വേണ്ടുമാവശ്യം കഴിഞ്ഞുമേ
ജീവിതം ക്ഷണവൃത്തി—ഭേദത്തിൻ പരിവൃത്തി
കേവലബോധാഭാസ—മാവൃത്തിവിജ്ഞാനഫലം
ഈ വസ്തുസ്ഥിതിജ്ഞാനം—ജീവിതപ്രയോജനം

2 വാസ്തവതത്വമിതി—പൃഥ്വിയിലും പരത്തി
കർത്തവ്യമാവഴിക്കും—തീർത്തു ജ്ഞാനതുമൂലം
ശുദ്ധചിന്മാത്രനായി—വർത്തിപ്പൻ സമാധിയി-
ലത്തൽവിലെൻതല നീ—വെട്ടിയെടുത്തുകൊൾക.

സാരംഗം—നരസിംഹാവിർഭാവം.

സദ്യഃപ്രാപ്തമനോന്മനീം സ വിശദീകൃത്യസ്വരൌദ്രം വപുഃ
ക്രുദ്ധഃഖഡ്ഗയിത്തുംയദാ ഖരഖലഃ പ്രാരബ്ധവാംസ്തത്ക്ഷണം
രൂക്ഷാക്ഷ്ണഃക്ഷിപദാശ്ശുശുക്ഷണികണഃക്ഷ്വേളോദ്ധ-
താഭഃപുരാ
സ്തംഭാജ്ജൃംഭിതഭീഷണാകൃതിരഭ്രഡ്ഭ്രയോപി സാക്ഷാദഭിഭുഃ

ഭൂപാളം—ചെമ്പട.

നിൽക്കാതെ കോപഭരമോടഥ ചാടിവീണി-
ട്ടഗ്ഘാതകന്റെ കുടമാറുപിളന്നു ദേവൻ
നിർഘാതഘോരമലറുന്നതുകേട്ടുണന്നു
തൃക്കാൽവണങ്ങിയതിനാഥനടൻ സ്തുതിച്ചു.

ശംക:—

1 ജയജയ വിഷ്ടപപാലനലോല!—ജയജയ നിഷ്ഠുര-
നിഹനനശീല
ജയജയ ശാന്തഭയംകരരൂപ!—ജയജയ താമസ-
ഹൃദയദൂരാപ!

2 വേദാന്താദിമദേശിക, തൊഴുതേൻ – ഗീതാസുമധുര-
ഗാഥക! തൊഴുതേൻ
നാദാന്തസ്ഥിതമാനസ, തൊഴുതേൻ—ശീതീഭാവ-
വിധായക! തൊഴുതേൻ.

ബലഹരി—ചെമ്പട.

തസ്യാവിരാസീന്നവതോഽന്തരിത്യ നൃസിംഹരൂപം സഹ-
സാചകാചിൽ
കാരുണ്യധാരാഹൃതഭക്തതാപാ—കാദംബനീവാഗമൃതം-
കിരന്തീ

വിഷ്ണു:—

1 സ്തുതിയിതുമ്പതപോരും—സ്ഥിതി നമുക്കെല്ലാം തുല്യം
അതിശയിക്കുമോ ഗുണ—വ്യതികരാഭാവത്തിൽ നാം?

2 കാമ്യകർമ്മസിദ്ധാന്ത—മുന്മഥിച്ചവിതഥ—
സമ്യഗ്ധീ നിലകാട്ടി—ജ്ജന്മകൃത്യം നീ തീർത്തു

3 നാസ്തിക്യാദിയായിഹ – മററുണ്ടായിരുന്നവ-
യററുപോയ് കുമാരില—ഭട്ട യുക്തിശക്തിയാൽ

4 ഒററയ്ക്കിക്കർമ്മവാദം—മാത്രം വിജയിച്ചതു
മാറേറണ്ട കാര്യമൊന്നേ—മുഖ്യമായ് ശേഷിച്ചുള്ളു.

5 അതു സാധിച്ചദ്വിതീയ – പദവി നീയാർന്നിതിനാ-
ലതുലം സർവ്വജ്ഞപീഠ—മധുനാ കയറീടുക

6 കാശ്മീരദേശത്താണീ—'ശ്രീവിദ്യാഭദ്രാസന'
നാമകദിവ്യപീഠം - നീ വേഗമങ്ങു പോക

7 നിന്നെക്കാത്തിരിക്കുന്നു—നിന്നുടെ പരഗ്ഗുരു-
സന്ന്യാസി ഗൗഡപാദ—രെന്നാദി പലപേരും.

മലഹരി—ചെമ്പട.

ശംക:—

1 ചെയ്യ്തീടാം നിയോഗംപോൽ- ചൈതന്യാത്മക! ഞാ,നീ
മെയ്ത്തന്ന മാതാവെന്നെ—ച്ചേതസ്സാൽ വിളിക്കുന്നു

2 ജീവിതവിരാമമിന്നാവൃദ്ധയ്ക്കുട്ടത്തങ്ങ-
പോയ്‌വന്നിട്ടുടൻതന്നെയാവാം കല്പിച്ചകാൎയ്യം

3 സായൂജ്യമുക്തിക്കൎഹയായിട്ടില്ലാ മഹതി
നീയേകണേ സാരൂപ്യമായതുദയാഗുണ!

ഇടശ്ലോകം.

എന്നാൽ ഞാൻ പോയിടട്ടേ, തവഹിതമതുപോൽ
നിൎവ്വഹിക്കാമുടൻത-
ന്നെന്നോക്കെച്ചൊല്ലി മല്ലേക്ഷണനവിടെ മറഞ്ഞപ്പൊഴാ-
യോഗിവൎയ്യൻ
തന്നാംബോപാന്തമെത്തിച്ചരമവിധികളംതൊട്ടുള്ളതെല്ലാം
നടത്തി-
പ്പോന്നിട്ടൊട്ടുക്കു തോല്പിച്ചവിടവിടവശേഷിച്ച വാദി-
വ്രജത്തെ

2

പ്രാപസുരേശ്വരതോടക—ഹസ്താമലകൈശ്ച പദ്മപാദ-
ഇതി
പ്രഥിതേന സനന്ദനേന ശിഷ്യൈഃ കാശ്മീരകാൻ സ
ലോകഗുരുഃ

## രംഗം 13.

ശ്രീരംഗം—ചെമ്പട.

ശ്രീഗൗഡപാദയമിനം സുമനോനിഷേവ്യം
താരാഗണൈരിവവൃതം ശരദിന്ദുബിംബം
നിർവ്വർണ്ണ്യ തത്ര വിവശഃ പരിപൂർണ്ണഭക്ത്യാ
നിർവ്വിണ്ണ ഇത്യുദിതവാൻ സ കൃതാഞ്ജലിസ്സം.

ശങ്ക:—

പരമഗുരോ, വന്നേൻ പാദാന്തികേ ഞാൻ—
അരുളേണമേ നിന്മതം
പരചിദാകാശദേശേ പരിതോഷാൽ വിഹരിക്കും
പരമഹംസ, മേ ഭവത്—കരുണ കരണമമിത-
കുമതഹരണേ

1 നിശിതധീഭാസ്കരനും—നീലകണ്ഠാചാര്യരും
പാശുപതരും മററു—വിശ്വാസികളെല്ലാരും
ശ്രീശുക ശിഷ്യമുഖ്യാ!—വാശിവെടിഞ്ഞദ്വൈത-
മാസ്ത്ര കൈക്കൊണ്ടുകൊണ്ടാ—രവനിവിതതവിമത-
വിഗതയായിതു

സൗരാഷ്ട്രം—മുറിയടന്ത.

ഗൗഡപാദൻ:—

1 ഭോഗിഭ്രഷകലാഭ്രത,—ഏകജീവവാദശൂരാ!
ആഗമാന്തനിന്ദകരെ—സ്സാകല്യേന ജയിച്ചു നീ

2 മോക്ഷമാർഗ്ഗം തുറക്കുന്ന.—ഭാഷ്യം രചിച്ചതിൻസാരം
ഇക്ഷിതിയിൽ പ്രസ്ഥാപിച്ചു—രക്ഷിച്ചിതു സത്യമതം

3 വീക്ഷിക്കുകിൽ നിന്നെപ്പോലെ –ദാക്ഷ്യമാർക്കുമി,ല്ലാക-
യാൽ ശിക്ഷയിൽ സർവ്വജ്ഞപീഠമിക്ഷണം നീ കരേറുക.

4 ആരുമേയിദ്ധന്യപീഠമേറിയിട്ടില്ലിതുവരെ
ആരോഹിച്ചു ഭവാൻ ലോകാചാര്യനായി വിളങ്ങുക!

മോഹനം—മുറിയടന്ത.

ഭ്രമരൗ ഭ്രപേന്ദ്രർഭിക്ഷുപ്രവരർ പലകലാദക്ഷർമുമ്പാം—
ജനൗഘം
വ്യോമത്തിൽ ദേവവർഗ്ഗങ്ങളുമധികജയാരാവപൂരം മുഴക്കെ
ധീമൽസന്ദേഹവും തീർത്ഥ നിജഗുരുപാദങ്ങൾ വന്ദിച്ചു
മന്ദം
ശ്രീമൽപീഠം കരേറിക്കനിവൊടു ഭുവനാചാര്യനേവം—
വചിച്ചാൻ.

ശംക:—

മാന്യസദസ്യരേ! നിങ്ങ—ളൊന്നു കേൾക്കുവിൻ
ചൊന്നീടുവൻ ചുരുക്കമായ്—പൂർണ്ണാനന്ദം മീളുംമാർഗ്ഗം

1 ദുഃഖമഗ്നരെല്ലാവരും—ദുഃഖം ദേഹാഭിമാനജം
ഓർക്ക പൂർവ്വകർമ്മവൃക്ഷം—കായ്ക്കും കനിയത്രേ ദേഹം

2 കമ്മങ്ങളോ,രാഗദ്വേഷ—ജന്യ,മീവൃത്തികൾരണ്ടും
നന്മതിന്മയെന്നതോന്നൽ—തന്മൂലമായുത്ഭവിപ്പൂ

3 ഇത്തോന്നാലവിചാരിത—സിദ്ധാദ്വൈതഹേതുകമാം
മിഥ്യാദ്വൈതംസ്വതസ്സിദ്ധ-പ്രത്യഗാത്മാജ്ഞാനജാതം.

4 ആകയാലനത്ഥമാകെ—യദ്വയാത്മബോധത്തിനാൽ
പോകും;പരസുഖാപ്തിക്കി—തേകമല്ലാതില്ലവഴി

5 രുദ്ധദോഷരോഗതുല്യം— വൃത്തിരോധയോഗാദിയാൽ
അററുതീരാഭവാമയം—തത്വചിന്തയിഹമുഖ്യം

6 ഭാരതഭൂവിതിൽ നാലു — ഭാഗത്തെഴുംമഠംവാണ
ഭാവുകശിഷ്യരേനിങ്ങൾ — പാലിക്കുവിനിത്തത്വങ്ങൾ

7 മംഗളങ്ങൾ ഭവിക്കട്ടെ—നിങ്ങൾക്കെങ്ങും സദാകാലം!
ഭംഗലേശമേശിടാതെ—യിംഗിതവും ലഭിക്കട്ടെ!

8 'തത്വമസി'പ്പൊരുൾ-സവ്വചിത്തത്തിലും പകരട്ടെ!
ചേത്യോന്മുഖത നീങ്ങ,ട്ടെൻ—കൃത്യവും സമാപിക്കട്ടെ!!

പൊറനീര—ചെമ്പട.

ശിഷ്യന്മാർ:—

1 ശങ്കാചായ്യപാദാ—ശംകരാംശജാ, സവ്വ-
ശംകരാ, ഭവത്പാദ—പങ്കജം കുമ്പിടുന്നു

2 'ആഗമാനന്ദ,വാക്യം'—സ്വീകരിച്ചുവിളംബം
ഈ കായ്യം നിവ്വഹിച്ചു—വാഴ്കയുംചെയ്യാം മഠം

3 അജ്ഞാനകഹേളിക—യസ്തമിച്ചീടുംവിധം
അദ്വൈതസൂയ്യനെന്നും—വിദ്യോതിച്ചിടുംലോകേ

4 പ്രത്യൂഹനിർണ്ണേജന—ശക്തം ത്വത് കൃപാമൃതം
പ്രത്യഹം വർഷിക്കേണം—വർദ്ധിച്ചീടണം ശുഭം!

മൂഢരൂപധരഃ ശിഷ്യാൻ
മൂഢയൻ സതതാഽഖിലാൻ
തിരോബഭ്രൂവ തരസാ
സുരവാരാവൃതഃ സദോം.

സമാപ്തം.

# രംഗസംഗ്രഹം

## പുറപ്പാട് ശിവനും പാർവ്വതിയും

രംഗം 1. പരമശിവനെ അവതാരത്തിനു പാർവ്വതി പ്രേരിപ്പിക്കുന്നു.

2. കാലടി ഗ്രാമത്തിൽ ആര്യാംബയുടേയും ശിവഗുരുവിന്റേയും പുത്രനായി ശങ്കരൻ ജനിക്കുന്നു. എട്ടാമത്തെ വയസ്സിൽ എല്ലാ വിദ്യയും ബാലശങ്കരൻ അഭ്യസിച്ചു തീരുന്നു.

3. ശിവഗുരുവിന്റെ മരണശേഷം വിധവയായ ആര്യാംബയോട് ബാലശങ്കരൻ സന്യാസത്തിനനുമതി ചോദിക്കുന്നു. അമ്മ അനുവദിക്കുന്നില്ല.

4. പൂർണ്ണാനദിയിൽ വച്ച് ശങ്കരനെ മുതല പിടിച്ചതറിഞ്ഞു് വന്ന മാതാവ് ശങ്കരനെ സന്യസിക്കുവാൻ അനുവദിക്കുകയും മുതലയുടെ പിടിയിൽനിന്നും രക്ഷപെടുത്തുകയും ചെയ്യുന്നു. ബാലശങ്കരൻ ഗുരൂപദേശം സ്വീകരിച്ച് ധർമ്മപ്രചരണത്തിനു കാശിയിൽ എത്തുന്നു.

5. പാർവ്വതീപരമേശ്വരന്മാർ കിരാതവേഷത്തിൽ ബാലശങ്കരനെ പരീക്ഷിയ്ക്കുവാനെത്തുന്നു.

6. ചണ്ഡാലരൂപധാരികളായ പാർവ്വതീപരമേശ്വരന്മാർ ശ്രീശങ്കരനെ വാദത്തിൽ തോൽപ്പിച്ച് അദ്വൈത ബോധം ഉറപ്പിച്ച് അതിന്റെ പ്രചരണത്തിന് നിയോഗിക്കുന്നു.

7. മണ്ഡനമിശ്രൻ ശ്രീശങ്കരനുമായുള്ള വാദപ്രതിവാദത്തിൽ തോല്ക്കുന്നു.

8. ശ്രീശങ്കരൻ നായാട്ടിനു പോകുമ്പോൾ ഭാര്യയുമായി വനവർണ്ണന ചെയ്തുകൊണ്ടിരിയ്ക്കവെ ഹൃദയസ്തംഭനം മൂലം മരിച്ച അമരുകദേഹത്തിൽ പ്രവേശിച്ച് അമരുകപത്നി സരമയും മന്ത്രിമാരുമായി സംഭാഷണം നടത്തുന്നു.

9. ഗുരുശങ്കരനെ കാണാത്തതിൽ ശിഷ്യർ വ്യാകുലപ്പെടുന്നു.

10. അദ്വൈതമുത്തേജിപ്പിക്കണമെന്ന് അമരുകശങ്കരൻ പൌരപ്രമാണികളോട് ആജ്ഞാപിക്കുന്നു. രണ്ടു നർത്തകികൾ പ്രവേശിച്ച് രാജധാനിയിൽ നർത്തനം ചെയ്യുന്നു.

11. ശ്രീശങ്കരൻ തൻെറ ശരീരത്തിൽ വീണ്ടും പ്രവേശിച്ച് മണ്ഡനമിശ്രനെ ശിഷ്യനാക്കിയിരിക്കവെ കാപാലികന്മാർ ശങ്കരൻെറ തല വെട്ടുന്നതിനൊരുങ്ങുന്നു.

12. കാപാലിക ബ്രാഹ്മണൻ ശങ്കരൻെറ തല ഹോമത്തിനു യാചിക്കുന്നു. ശങ്കരൻ തൻെറ തല വെട്ടിയെടുക്കുന്നതിനനുവദിക്കവെ, നൃസിംഹരൂപിയായി വിഷ്ണുഭഗവാൻ പ്രത്യക്ഷപ്പെട്ടു് ഘാതകന്റെ മാറു പിളക്കുന്നു. ശങ്കരൻ സ്തുതിക്കവേ, നൃസിംഹം കോമള വിഷ്ണുരൂപനായിത്തീൻ് ശങ്കരനെ അനുഗ്രഹിച്ചു് സവ്വജ്ഞപീഠാരോഹണം അനുവദിക്കുന്നു.

13. ഗൌഡപാദാന്തികത്തിൽ ശ്രീശങ്കരനെത്തി, ശിഷ്യർ നോക്കിനില്ക്കവേ സവ്വജ്ഞപീഠം കയറി അദ്വൈതമതം പ്രചരിപ്പിക്കുന്നതിനുള്ള ഉപദേശം നല്കിയിട്ടു് അവതാരകാൎയ്യം സാധിച്ചു മറയുന്നു.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. MA:5 Acc. No. 18839

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

MA 5 　　　　　　 13829

NAN - S

നാഞ്ചുപിള്ള

ശ്രീശങ്കരവിജയം